# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 36 ലക്കം മെയ് 2018 വാർഷിക വരിസംഖ്യ ₹100



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ



“ആയിരിക്കുന്ന സാഹചര്യങ്ങളെ പഴിക്കാതെ
എവിടെയായിരുന്നാലും അവിടെ വളർന്ന്
വിശുദ്ധിയുടെ മലരുകൾ വിടർത്തുവാൻ
പരിശുദ്ധ അമ്മേ, ഞങ്ങൾക്കായി
അങ്ങേ പ്രിയസുതനോട്
പ്രാർത്ഥിക്കണമേ”

പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

വാല്യം 36 ലക്കം ശ്ലീഹാ മെയ് 2018


*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*

## ഉള്ളടക്കം


- ശ്ലീഹാക്കാലം: നിറവിന്റെ ആഘോഷം 05
- ക്രിസ്തീയജീവിതം: സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനം 09
- അനറ്റ് ആനന്ദിച്ചു 12
- സുകൃതവഴിയേ ചരിക്കാൻ 14
- നീ ക്രിസ്ത്യാനിയോ? 16
- വിശുദ്ധിയുടെ മുത്തുകൾക്ക് 18–19
- സന്തോഷവും അസന്തോഷവും 20
- ദൈവത്തെ കേൾക്കുക 21
- കാർമേഘമാകാൻ ഞാനില്ല 22
- സെനക്കിൾ തരംഗം 25
- ഞാൻ മടുത്തു കേട്ടുകേട്ട്... 26
- പ്രഘോഷിക്കാം ജീവിതത്തിലൂടെ 27
- ദൗത്യബോധം 30
- വിലയറിയാൻ മറക്കരുതേ 32
- അമ്മയോടൊപ്പം 34



രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹100/-**



പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481–2578192**
**Email: psmktm@gmail.com**

എഡിറ്റോറിയൽ



# കെടാവിളക്ക്

ഇത് ശ്ലീഹാക്കാലം... അജ്ഞരും ഭീരുക്കളുമായിരുന്ന ശ്ലീഹന്മാരുടെമേൽ പരിശുദ്ധാരൂപി ആവസിച്ച് അവരെ വിജ്ഞരും ധൈര്യശാലികളുമാക്കിയതിന്റെ ഓർമ്മയാചരിക്കുന്ന കാലം... ദൈവാരൂപിയാൽ നിറഞ്ഞ ശ്ലീഹന്മാർ തങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനം (1 യോഹ 1,1-3) ലോകമെമ്പാടും എത്തിക്കുവാനായി ഇറങ്ങിത്തിരിച്ചതിന്റെ ഓർമ്മയാചരിക്കുന്ന കാലം... മൂലക്കല്ലായ ഈശോമിശിഹായോടും ശ്ലൈഹികഅടിത്തറയോടും ചേർന്ന് വിവിധ നാടുകളിൽ സഭാസമൂഹം പണിതുയർത്തപ്പെട്ടതിന്റെ ഓർമ്മയാചരിക്കുന്ന കാലം...

ദൈവാത്മാവിനാൽ നിറയുകയും ആത്മാവിന്റെ പ്രചോദനങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുകയും ചെയ്ത ആദിമശിഷ്യസമൂഹം ആധുനികസഭാസമൂഹത്തിന് ഒരു ചോദ്യചിഹ്നമായി മാറുന്നില്ലേ... ആത്മീയഫലങ്ങൾ നിറഞ്ഞ സമൂഹമാകാൻ എന്തുകൊണ്ട് ക്രൈസ്തവർക്കിന്നു സാധിക്കുന്നില്ല? പരിശുദ്ധാത്മഫലങ്ങളും വരദാനങ്ങളും ലോകത്തിനു സമ്മാനിക്കുന്നവർ ന്യൂനപക്ഷമായിപ്പോകുകയും അവർ പുറപ്പെടുത്തുന്ന നന്മയുടെ ഇത്തിരിവെട്ടം ഭൂരിപക്ഷത്തിന്റെ ചില ചെയ്തികൾ മറച്ചുകളയുകയും ചെയ്യുന്നില്ലേ എന്നു ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ശ്ലീഹന്മാർ പകർന്നുതന്ന വിശ്വാസത്തിന്റെ വിളക്ക് കെട്ടുപോകാതെ ജീവിതചെയ്തികൾക്കൊണ്ട് അതിനെ ഉജ്ജ്വലിപ്പിക്കേണ്ടവരാണ് നാം. മാമ്മോദീസായിൽ നമ്മിലേക്കു കടന്നുവന്ന ദിവ്യാരൂപി പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ കൂദാശാജീവിതത്തിലൂടെ അതിനു നമുക്ക് ഓരോ നിമിഷവും ശക്തിയേകുന്നുണ്ട്. ആത്മാവിന്റെ ദിവ്യപ്രചോദനങ്ങൾക്കനുസരിച്ചു വ്യാപരിച്ചാൽ നാമും ആദിമസഭാസമൂഹത്തിന്റെ സ്നേഹജീവിതം പിന്തുടരുന്നവരാകും. മാർ തോമാശ്ലീഹായുടെ മക്കളെന്ന് അഭിമാനിക്കുന്ന നമുക്ക് ശ്ലീഹാ പകർന്നുതന്ന വിശ്വാസചൈതന്യം നമ്മുടെ ജീവിതത്തിൽ കെടാവിളക്കായി പ്രശോഭിക്കേണ്ടതിന് അദ്ദേഹത്തോട് മാദ്ധ്യസ്ഥ്യം തേടാം.

ദുക്റാനത്തിരുനാളാശംസകളോടെ,

ചീഫ് എഡിറ്റർ

# ശ്ലീഹാക്കാലം: നിറവിന്റെ ആഘോഷം ഒപ്പം ശൂന്യമാകലിന്റേയും



സി. ഡോ. റോസ്‌ലിൻ എം.റ്റി.സ്.
ബേസ് തോമാ ദയറ, പാലമറ്റം

നമ്മുടെ ആരാധനാവത്സരത്തിൽ പന്തക്കുസ്താ തിരുനാൾ തുടങ്ങിയുള്ള ഏഴ് ആഴ്ചകൾ ശ്ലീഹാക്കാലമാണ്. ഉത്ഥിതനായ മിശിഹായെ തങ്ങളുടെ ഹൃദയങ്ങളിൽ പ്രതിഷ്ഠിച്ച് അവന്റെ സുവിശേഷം ലോകം മുഴുവനോടും പ്രഘോഷിക്കുവാൻ ലോകത്തിന്റെ നാനാദിക്കുകളിലേക്കും അയയ്ക്കപ്പെട്ട ധീരശ്ലീഹന്മാരുടെ പ്രവർത്തനങ്ങളെ തിരുസ്സഭ ആദരപൂർവം തന്റെ മദ്ബഹായിൽ ഓർക്കുകയും അവരുടെ വിജയത്തെ ആഘോഷിക്കുകയും ചെയ്യുന്ന അവസരമാണ് ശ്ലീഹാക്കാലം. തന്റെ ശ്ലീഹന്മാർക്ക് വിജയം നല്കിയ കർത്താവിനെ പ്രകീർത്തിച്ചുകൊണ്ട് ഈ കാലത്ത് സഭ ഇപ്രകാരം പ്രാർത്ഥിക്കുന്നു:

‘‘കർത്താവേ നിന്നിൽ വിശ്വസിച്ച വിശുദ്ധ ശ്ലീഹന്മാർക്ക് യഥാർത്ഥത്തിൽ നീ സന്തോഷം പ്രതിഫലമായി കൊടുത്തുവല്ലോ. അവരിൽ ഒരാളെ നീ സ്വർഗരാജ്യത്തിന്റെ താക്കോലുകളുടെ അധികാരിയാക്കി (മത്താ 16,19). അയാളുടെ കൂട്ടുകാരനെ നീ മൂന്നാം സ്വർഗംവരെ എടുത്തു (2 കൊറി 12,2). വീണ്ടും, വേറൊരുവന് നിന്റെ മാറിൽ ചാരിക്കിടക്കുന്നതിന് നീ അനുവാദം കൊടുത്തു (യോഹ 13,23; 21,20). ഇപ്പോൾ ഇതാ, അവർ മഹത്ത്വത്തോടെ പരിശുദ്ധ സഭയിൽ ആനന്ദിക്കുന്നു. അവരുടെ പ്രാർത്ഥനകളാൽ ഞങ്ങളുടെമേൽ കനിഞ്ഞു കൃപയുണ്ടാകണമേ’’.

'അയയ്ക്കുക' എന്നർത്ഥമുള്ള 'ശ്ലഹ്' എന്ന സുറിയാനിപദത്തിൽനിന്നാണ് ശ്ലീഹാ - അയയ്ക്കപ്പെട്ടവൻ എന്ന വാക്ക് ഉത്ഭവിച്ചിരിക്കുന്നത്. 'ശ്ലഹ്' എന്ന പദത്തിന് 'ഉരിഞ്ഞുമാറ്റുക' എന്നൊരർത്ഥവും നിഘണ്ടുവിൽ കാണാം. ഒരേ വാക്കിന് ഒട്ടും ചേർച്ചയില്ലാത്ത രണ്ടർത്ഥങ്ങൾ! എന്നാൽ ശ്ലഹ് എന്ന ക്രിയാപദത്തിന് നല്കപ്പെട്ടിരിക്കുന്ന ചേർച്ചയില്ലാത്ത ഈ രണ്ടർത്ഥങ്ങൾ കൂട്ടിവായിച്ചാൽ ശ്ലീഹാക്കാലത്തിന്റെ ചൈതന്യം നമുക്ക് ഗ്രഹിക്കാനാകും.

**പന്തക്കുസ്താ തിരുനാൾ: നിറവിന്റെ ആഘോഷം**

ശ്ലീഹാക്കാലം ആരംഭിക്കുക പന്തക്കുസ്താ തിരുനാളോടുകൂടിയാണ്. 'അൻപതാമത്തെ' എന്നർത്ഥമുള്ള 'പെന്തക്കോസ്തോസ്' എന്ന ഗ്രീക്കുവാക്കിൽനിന്നാണ് ഈ പദമുണ്ടായത്. പഴയനിയമത്തിലും പുതിയനിയമത്തിലും പന്തക്കുസ്താ നിറവിന്റെ ഘോഷമാണ്. കൊയ്ത്തിനായി ആദ്യം അരിവാളെടുത്തിട്ട് ഏഴാഴ്ചയ്ക്കുശേഷം അൻപതാമത്തെ ദിവസം നടത്തിയിരുന്ന വിളവെടുപ്പ് ഉത്സവമായിരുന്നു പഴയനിയമ പന്തക്കുസ്താ. പുതിയനിയമത്തിലാകട്ടെ കർത്താവിന്റെ ഉത്ഥാനത്തിന്റെ 50-ാം ദിവസം മാളികമുറിയിൽ ഒരുമിച്ചുകൂടിയിരുന്ന ശ്ലീഹന്മാരുടെമേൽ റൂഹാദ്ക്കുദ്ശാ തീനാവുകളായി ഇറങ്ങി അവരിൽ നിറഞ്ഞ വിസ്മനീയ രഹസ്യത്തിന്റെ ആഘോഷവും.

സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത് പന്തക്കുസ്തായിലാണ്. 2007 ലെ പന്തക്കുസ്താതിരുനാളിൽ നല്കിയ സന്ദേശത്തിൽ ആധുനിക ദൈവശാസ്ത്രജ്ഞരിൽ അഗ്രഗണ്യനായ എമിരിറ്റൂസ് പാപ്പ ബെനദിക്തോസ് 16-ാമൻ പന്തക്കുസ്തായിൽ ഉദ്ഘാടനം ചെയ്യപ്പെട്ട സഭയിൽ പ്രവർത്തനനിരതനാകുന്ന റൂഹായുടെ പ്രവർത്തനങ്ങളെക്കുറിച്ച് വാചാലനാകുന്നുണ്ട്. അദ്ദേഹം പറയുന്നു: "സഭ പരിശുദ്ധ(Holy)യാണ്; കാരണം അവളെ ജീവിപ്പിക്കുന്ന റൂഹായാൽ അവൾ സദാ കർത്താവിനെ നോക്കിയിരിക്കുന്നു. അവന്റെ സ്നേഹത്തിൽ അവൾ അവനോടു താദാത്മ്യപ്പെട്ടിരിക്കുന്നു. സഭ കാതോലിക(Catholic)കമാണ്; കാരണം, സുവിശേഷം അവൾ എല്ലാവർക്കുമായി നല്കുന്നു. അവളുടെ ജന്മത്തിൽത്തന്നെ എല്ലാ ഭാഷകളിലും സംസാരിക്കുവാൻ റൂഹാ അവളെ പ്രാപ്തയാക്കി. അവൾ ശ്ലൈഹിക(Apostolic)കമാണ്; കാരണം, ശ്ലീഹന്മാരുടെ അടിസ്ഥാനത്തിൽ പണിയപ്പെട്ട അവൾ അവരുടെ പ്രബോധനം ഇടമുറിയാത്ത ശ്ലൈഹികശൃംഖലയിലൂടെ ഇന്നും തുടരുന്നു. അവൾ പ്രേഷിത(Missionary)യാണ്; കാരണം, ഭൂമിയുടെ അതിർത്തികൾ വരെയും സമയത്തിന്റെ അറുതിവരെയും ലോകത്തിലെ എല്ലാ വീഥികളിലൂടെയും ചരിക്കുന്നതിൽനിന്ന് റൂഹാ അവളെ തടഞ്ഞിട്ടില്ല".

പന്തക്കുസ്താതിരുനാൾ സഭയുടെ മാമ്മോദീസാദിനമാണ്. പ്രാർത്ഥനയിൽ ഒരുമിച്ചിരുന്ന ശ്ലൈഹികഗണം റൂഹാദ്ക്കുദ്ശായാൽ മാമ്മോദീസാ മുക്കപ്പെട്ടു. റൂഹായുടെ സാന്നിദ്ധ്യം ശക്തിയേറിയ കാറ്റായും തീനാവുകളായും ഭാഷാവരത്തിന്റെ വിസ്മയമായും അവർ അനുഭവിച്ചു.

**നിറവിൽനിന്ന് പ്രേഷിതത്വത്തിലേക്ക്**

പന്തക്കുസ്താ നിറവിന്റെ ആഘോഷമാണ്. ഈ ആഘോഷനിറവിൽ സഭ തന്റെ പ്രേഷിതദൗത്യം ആരംഭിച്ചു. അത്യുന്നതന്റെ ശക്തി തന്നിൽ ആവസിച്ചപ്പോൾ ഈശോയെ ഉദരത്തിൽ വഹിച്ച് തന്റെ ഇളയമ്മയെ ശുശ്രൂഷിക്കുവാനോടിയ മറിയം യഥാർത്ഥത്തിൽ പന്തക്കുസ്താദിനത്തിൽ ഓറശ്ലേമിൽ ആരംഭിച്ച തന്റെ പ്രേഷിതദൗത്യം ഇന്നും തുടരുന്ന ഊർജ്ജസ്വലയായ സഭയുടെ പ്രതിരൂപമാണ്. ഉന്നതത്തിൽനിന്ന് അഗ്നിയായി തങ്ങളിൽ നിറഞ്ഞ റൂഹാദ്ക്കുദ്ശായുടെ വലിയ ശക്തിയാൽ ഭീരുക്കളായ ശ്ലീഹന്മാർ ധൈര്യശാലികളായി; മുക്കുവരായി

രുന്ന പാമരർ ത്രിത്വജ്ഞാനം ഗ്രഹിച്ച പണ്ഡിതരായി; വാക്ചാരുതൃമില്ലാത്തവർ നിരവധി ഭാഷകൾ അനായാസം പ്രസംഗിച്ചു; ലോകപരിചയമില്ലാത്തവർ ലോകത്തിന്റെ അതിർത്തികൾവരെപോയി സുവിശേഷം പ്രസംഗിച്ചു. തങ്ങളുടെ രക്തംകൊണ്ട് സുവിശേഷത്തിനു ഭാഷ്യം രചിച്ച അവരിൽ പലരും രക്തസാക്ഷിത്വമകുടം ചൂടി. അവരുടെ ഓർമ്മ സഭയുടെ ശക്തിയാണ്. പന്തക്കുസ്തായിൽ റൂഹായാൽ അയയ്ക്കപ്പെട്ട ഈ ശ്ലീഹന്മാർ തങ്ങൾക്കു ലഭിച്ച നിറവിന്റെ പ്രഘോഷകരായി. ബേസ്ലഹേമിൽ ദൈവം നമ്മോടുകൂടെ വസിച്ചു. കാൽവരിയിൽ ദൈവം നമുക്കുവേണ്ടി നിലകൊണ്ടു. എന്നാൽ പന്തക്കുസ്തായിലാകട്ടെ ദൈവം നമ്മിൽ വസിച്ചു. പന്തക്കുസ്തായിൽ മനുഷ്യവംശം നേടിയ ഈ നിറവിനെക്കുറിച്ച് സഭാപിതാവായ ബസേലിയോസ് ഇങ്ങനെ വർണിക്കുന്നു: "റൂഹായിലൂടെ നാം പറുദീസായിലേക്ക് പുന:പ്രവേശിക്കുന്നു - സ്വർഗ്ഗരാജ്യത്തേക്കു കരേറുന്നു - ദൈവപുത്രസ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നു - ദൈവത്തെ അപ്പാ എന്നു വിളിക്കാനുള്ള സ്വാതന്ത്ര്യത്തിലേക്ക്. അങ്ങനെ നമ്മുടെ അസ്തിത്വം ഈ ലോകത്തിലും വരാനിരിക്കുന്ന ലോകത്തിലും അനുഗ്രഹങ്ങളാൽ നിറയപ്പെടുന്നു".

**ശൂന്യമാകലിലൂടെ നിറവിലേക്ക്**

പന്തക്കുസ്തായിൽ റൂഹാദ്ക്കുദ്ശായാൽ നിറഞ്ഞവരാണ് ശ്ലീഹന്മാരായി അയയ്ക്കപ്പെട്ടത്. എന്നാൽ ഈ നിറവിലൂടെ ശ്ലീഹായായി രൂപാന്തരപ്പെടുവാൻ ഒരുവൻ അവശ്യം ചെയ്യേണ്ട കാര്യമാണ് 'ശ്ലഹ്' എന്ന പദത്തിന്റെ രണ്ടാമത്തെ അർത്ഥം 'ഉരിഞ്ഞുമാറ്റുക' നമ്മെ ഓർമ്മിപ്പിക്കുക. റൂഹാ നമ്മിൽ നിറഞ്ഞ് നാം സുവിശേഷത്തിന്റെ പ്രേഷിതരായി അയയ്ക്കപ്പെടണമെങ്കിൽ നമ്മുടെയുള്ളിൽ ഭാവാത്മകമായ ശൂന്യതയുണ്ടാകണം. ദൈവത്തോടുള്ള സമാനത മുറുകെപ്പിടിക്കേണ്ട കാര്യമായി പരിഗണിക്കാതെ സ്വയം ശൂന്യനാക്കിയ (ഫിലി 2,7) മിശിഹായും, ദാസിയുടെ താഴ്മ സ്വന്തമാക്കി ദൈവപുത്രന്റെ മാതാവായിത്തീർന്ന മറിയവും ഈ ശൂന്യമാകലിന്റെ, അതായത്, ഉരിഞ്ഞുമാറ്റപ്പെടലിന്റെ വിജ്ഞാനമാണ് നമുക്കു പകർന്നു നല്കുക. ശ്ലീഹാക്കാലത്തെ തിരുനാളുകളെല്ലാം ഈ ശൂന്യമാകലിന്റെയും അയയ്ക്കപ്പെടലിന്റെയും സന്ദേശമാണ് നമുക്ക് നല്കുക.

ശ്ലീഹാ ഒന്നാം വെള്ളിയാഴ്ച നാം ആഘോഷിക്കുന്ന 'സ്വർണ്ണവെള്ളി' ഈ സന്ദേശം വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു. യോഹന്നാനുമൊത്ത് ദൈവാലയത്തിൽ പ്രാർത്ഥിക്കുവാൻ പോയ കേപ്പാശ്ലീഹാ ചെയ്ത ആദ്യത്തെ അത്ഭുതത്തിന്റെ അനുസ്മരണമാണിത്. അദ്ദേഹം പറഞ്ഞു: "പൊന്നും വെള്ളിയും എനിക്കില്ല. എനിക്കുള്ളത് നിനക്കു തരുന്നു. നസ്രായനായ ഈശോയുടെ നാമത്തിൽ നീ എഴുന്നേറ്റു നടക്കുക (നട 3,6). അയാൾ സുഖം പ്രാപിച്ചു. സ്വന്തം 'സ്വർണ്ണവും വെള്ളിയും' (താനെന്ന ഭാവവും തന്റേതും) ഉരിഞ്ഞുമാറ്റിയ കേപ്പാ 'ശ്ലീഹാ'യായി; റൂഹായുടെ നിറവിൽ മുടന്തന് സുവിശേഷസന്ദേശം സൗഖ്യത്തിന്റെ രൂപത്തിൽ നല്കി. ഈ കാലത്തിൽ ജൂൺ 11 ന് ബർണ്ണബാസ് ശ്ലീഹായുടെയും ജൂൺ 29 ന് പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെയും ജൂലൈ 3 ന് മാർ തോമാശ്ലീഹായുടെയും തിരുനാളുകൾ നാം ആഘോഷിക്കുന്നുണ്ട്. ശ്ലീഹന്മാരുടെ ദുക്റാനകൾ ശൂന്യമാകലിലൂടെയുള്ള അയയ്ക്കപ്പെടലിന്റെ വലിയ സന്ദേശമാണ് നമുക്ക് നല്കുന്നത്. ശ്ലൈഹികദൗത്യവും 'ഉരിഞ്ഞുമാറ'ലും തമ്മിലുള്ള അഭേദ്യമായ ബന്ധം നമ്മെ ഓർമ്മിപ്പിക്കുവാനായി പൗരസ്ത്യസുറിയാനിസഭയിൽ ശ്ലീഹാക്കാലം നോമ്പുകാലമാണ്. ഉയിർപ്പുകാലത്തെ തിരുനാളിനു വിരാമമിട്ടുകൊണ്ട് പന്തക്കുസ്താതിരുനാളിന്റെ അവസാനത്തിൽ പരസ്യപ്രായശ്ചിത്തങ്ങൾ ആരംഭിക്കുന്നു. അതിന്റെ പ്രതീകമായി ഈ തിരുനാളിൽ പരിശുദ്ധ കുർബാനസ്വീകരണത്തിനു തൊട്ടുമുമ്പായി ശ്ലീഹാനോമ്പിനു തുടക്കം

കുറിച്ചുകൊണ്ട് "കുമ്പിടീൽ കർമ്മം" നടത്താറുണ്ട്. നമ്മുടെ ആരാധനാവത്സരത്തിലെ ഈ സവിശേഷകർമ്മം ശ്ലീഹായായി അയയ്ക്കപ്പെടുവാൻ പഴയമനുഷ്യനെ ഉരിഞ്ഞുമാറ്റി സ്വയം ശൂന്യരായി റൂഹായാലും സുവിശേഷത്താലും നിറയപ്പെടേണ്ടതിന്റെ ആവശ്യകതയാണ് നമ്മെ ഓർമ്മപ്പെടുത്തുക. നമ്മുടെ ആദ്ധ്യാത്മികജീവിതത്തിൽ നാം പുലർത്തുന്ന നോമ്പും ഉപവാസവും ജാഗരണങ്ങളുമെല്ലാം നമ്മിലെ പഴയമനുഷ്യനെ ഉരിഞ്ഞുനീക്കി പുതിയ മനുഷ്യനെ ധരിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. ഈ പുതിയ മനുഷ്യൻ റൂഹാദ്ക്കുദ്ശാ കുടികൊള്ളുന്ന ദൈവാലയമാണ് (1 കൊറി 3,16). നമ്മിൽ കുടികൊണ്ട്, നമ്മെ ഉജ്ജീവിപ്പിച്ച്, ശിഷ്യത്വത്തിന്റെ പാതയിലേക്കു നമ്മെ നയിക്കുന്ന റൂഹാദ്ക്കുദ്ശായുടെ നമ്മിലുള്ള സാന്നിദ്ധ്യം അങ്ങനെ നമ്മുടെ നിത്യപന്തക്കുസ്താനുഭവമാകണം. വിശുദ്ധനായ മാർ യോഹന്നാൻ പൗലോസ് രണ്ടാമൻ മാർപാപ്പ പറഞ്ഞിട്ടുള്ളതുപോലെ, "മിശിഹായുടെ സഭയ്ക്ക് നിത്യപന്തക്കുസ്തായാണ്. അവൾ സദാ മാളികമുറിയിൽ പ്രാർത്ഥനയിലാണ്. അതേസമയം റൂഹാദ്ക്കുദ്ശായാകുന്ന ശക്തിയേറിയ കാറ്റിനാൽ നയിക്കപ്പെട്ട് ലോകവീഥികളിൽ അവൾ നിരന്തര പ്രഘോഷകയുമാണ്".

### ചങ്ങനാശ്ശേരി അതിരൂപതയിൽ

## മാർ സ്ലീവാ മല്പാനേറ്റ്

ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം പിതാവ്, അതിരൂപതയുടെ ഒരു മല്പാനേറ്റ് സ്ഥാപിച്ചിരിക്കുന്നു. മല്പാൻ ബഹു. മാത്യു വെള്ളാനിക്കലച്ചന്റെ ഉത്തരവാദിത്വത്തിൽ കോട്ടയം, മാങ്ങാനം സ്പിരിച്ചാലിറ്റി സെന്റർ കേന്ദ്രമായിട്ടായിരിക്കും ഈ മല്പാനേറ്റ് പ്രവർത്തിക്കുക. "മാർ സ്ലീവാ മല്പാനേറ്റ്" എന്നായിരിക്കും ഈ മല്പാനേറ്റ് അറിയപ്പെടുക. സീറോ മലബാർ സഭയുടെ അജപാലനപരവും സുവിശേഷപ്രഘോഷണപരവുമായ ആഗോളവ്യാപകമായ ഇന്നത്തെ സാന്നിദ്ധ്യത്തിന്റെ പശ്ചാത്തലത്തിൽ, സഭാംഗങ്ങൾക്ക് (വൈദികർക്കും സമർപ്പിതർക്കും അൽമായർക്കും) സഭാത്മകവും ആത്മീയവുമായ തുടർപരിശീലനം നല്കുക എന്നതാണ് ഈ മല്പാനേറ്റിന്റെ ലക്ഷ്യം.

മാർ തോമാക്രിസ്ത്യാനികളുടെ പൈതൃകത്തിൽപ്പെട്ട ഒരു വൈദികപരിശീലന കേന്ദ്രമായിരുന്നു മല്പാനേറ്റ്. സെമിനാരികളും ഫാക്കൽറ്റികളും കേന്ദ്രീകരിച്ച് വൈദികപരിശീലനം നടക്കുന്ന ഇക്കാലത്ത് അപ്രകാരമുള്ള വൈദികപരിശീലന മല്പാനേറ്റുകൾക്ക് പ്രസക്തിയില്ലെങ്കിലും സീറോ മലബാർസഭയെ സംബന്ധിച്ചിടത്തോളം തുടർപരിശീലനരംഗത്ത് ഇപ്രകാരമുള്ള മല്പാനേറ്റുകൾക്ക് ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ പ്രസക്തിയുണ്ട്. സഭയുടെ വിശ്വാസപൈതൃകത്തിന്റെ തനിമയും പ്രത്യേകതകളും മനസ്സിലാക്കിയാൽമാത്രമേ സഭാംഗങ്ങൾക്ക് അവർ പോകുന്നിടത്തെല്ലാം വിശ്വാസസാക്ഷ്യം നല്കുവാനുള്ള കഴിവും തീക്ഷ്ണതയും ഉണ്ടാവുകയുള്ളു. സ്പിരിച്ചാലിറ്റി സെന്റർ കേന്ദ്രമായി പ്രവർത്തിക്കുന്ന വിശുദ്ധിയുടെ പ്രേഷിതകുടുംബത്തിൽപ്പെട്ട മൂന്നു ഇൻസ്റ്റിറ്റ്യൂട്ടുകളിലെ അംഗങ്ങളുടെ (വൈദികർ, സമർപ്പിതർ, അൽമായർ) സഭാത്മകരൂപീകരണം, സഭയുടെ വിശ്വാസത്തിനനുസൃതമായുള്ള ബൈബിൾ പഠനക്കളരികൾ, ആരാധനക്രമാധിഷ്ഠിതധ്യാനങ്ങൾ, സുറിയാനി ആരാധനക്രമാലാപനരീതിയിലുള്ള ആരാധനക്രമാഘോഷവും പ്രാർത്ഥനകളും എന്നീ പരിപാടികൾ മാർ സ്ലീവാ മല്പാനേറ്റിൽ ക്രമമായി നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ, മല്പാനച്ചന്റെ നേതൃത്വത്തിൽ തനിയെ ധ്യാനിക്കേണ്ടവർക്ക് അതിനുള്ള സൗകര്യവും ആദ്ധ്യാത്മികനിയന്ത്രണം ആവശ്യമുള്ളവർക്കും അതുപോലെ വേദപുസ്തകപരവും ദൈവശാസ്ത്രപരവുമായ വിഷയങ്ങൾ പഠിക്കുവാനും പ്രബന്ധങ്ങളെഴുതുവാനുമുള്ളവർക്ക് സഹായവും ഈ മല്പാനേറ്റിൽ ലഭ്യമാകും.

# ക്രിസ്തീയജീവിതം: സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനം



**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

വി. യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തപ്പെട്ട ഈശോയുടെ വാക്കുകളിൽ ഏറ്റം ഹൃദ്യമായതും പ്രാധാന്യമർഹിക്കുന്നതും അവിടുത്തെ അന്ത്യപ്രഭാഷണമാണ്. തന്റെ വേർപാടിൽ വേദനിക്കുന്ന ശിഷ്യരെ ആശ്വസിപ്പിക്കുന്നതിനുവേണ്ടി ഈശോ പറഞ്ഞ വാക്കുകളാണ് അവിടുത്തെ അന്ത്യപ്രഭാഷണത്തിന്റെ ഉള്ളടക്കം.

### വിശ്വാസം: നമ്മുടെ ആശ്വാസം

“നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ” (14,1) എന്നു പറഞ്ഞുകൊണ്ടാണ് ഈശോ തന്റെ അന്ത്യപ്രഭാഷണം ആരംഭിക്കുക. മരണത്തിലൂടെയുള്ള അവിടുത്തെ വേർപാടിന്റെ പ്രഖ്യാപനം ശിഷ്യന്മാരെ തളർത്തി. എല്ലാം ഉപേക്ഷിച്ച് ഈശോയെ പിന്തുടരുന്നവരാണവർ (മർക്കോ 1,16-20). അവിടുത്തെ സ്നേഹവും സൗഹൃദവുമാണ് ഇപ്രകാരം ഒരു ഹൃദയവും ആത്മാവുമുള്ളവരായി അവരെ ഒന്നിപ്പിച്ചത്. അതുകൊണ്ട്, “എന്റെ കുഞ്ഞുങ്ങളേ” എന്ന് സംബോധന ചെയ്ത്, “ഞാൻ പോകുന്നിടത്തേക്കു

വരാൻ നിങ്ങൾക്കു കഴിയുകയില്ല" (13,33) എന്ന് ഈശോ പറഞ്ഞപ്പോൾ, അത് ഉൾക്കൊള്ളാൻ അവർക്കു കഴിഞ്ഞില്ല. ആ സന്ദർഭത്തിലാണ് തന്നിൽ വിശ്വസിക്കുവാൻ ഈശോ അവരെ ആഹ്വാനം ചെയ്യുന്നത്. നമുക്കു മനസ്സിലാക്കുവാനും സ്വീകരിക്കാനും സാധിക്കാത്ത ജീവിതാനുഭവങ്ങളുണ്ടാകുമ്പോൾ ഈശോയിലുള്ള വിശ്വാസമാണ് നമ്മുടെ ആശ്വാസമാകേണ്ടത്. ഈശോ മനുഷ്യനായ ദൈവമായതുകൊണ്ട് ഈശോയിലുള്ള വിശ്വാസം ദൈവത്തിലുള്ള വിശ്വാസമാണ്. ജീവിതത്തിൽ അസ്വസ്ഥതകളുണ്ടാകുന്ന സന്ദർഭങ്ങളിലൊക്കെ ഈശോമിശിഹായിലുള്ള വിശ്വാസത്തിൽ ആശ്വാസം കണ്ടെത്താൻ നമുക്കു കഴിയണം.

### ക്രിസ്തീയജീവിതം: ഈശോയോടൊത്തുള്ള ജീവിതം

തന്റെ വേർപാടിന് ഈശോയ്ക്ക് ഒരു വിശദീകരണമുണ്ട്: "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ... ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടു പോകും" (14,2-3). ഈശോ പോകുന്നത് ശിഷ്യർക്കു വേണ്ടി സ്ഥലമൊരുക്കാനാണ്. ഒരുക്കിക്കഴിയുമ്പോൾ അവിടുത്തോടൊപ്പം നിത്യം അവിടെയായിരിക്കാൻ ഈശോ വന്ന് അവരെ കൂട്ടിക്കൊണ്ടുപോകും. അതുകൊണ്ട് ഇപ്പോൾ മരണത്തിലൂടെയുള്ള അവിടുത്തെ വേർപാട്, അവിടുത്തോടുകൂടെ നിത്യവും ആയിരിക്കുവാനുള്ള ഒരുക്കമാണ്. താല്ക്കാലികമായ ഈശോയുടെ വേർപാട് നിത്യമഹത്ത്വത്തിലും നിത്യാനന്ദത്തിലും അവിടുത്തോടുകൂടെ ആയിരിക്കുവാനുള്ള കൃപയും ശക്തിയും തന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും ശിഷ്യർക്കു നേടിക്കൊടുക്കുവാനുള്ളതാണ്. സ്വർഗ്ഗീയമഹത്ത്വത്തെയും നിത്യാനന്ദത്തെയും പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നതും ഇപ്രകാരമാണ്: "അങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കുകയും ചെയ്യും" (1 തെസ 4,17). ക്രിസ്തീയജീവിതത്തിന്റെ അന്തഃസത്ത വിശ്വാസത്തോടും സ്നേഹത്തോടും കൂടെ ഈശോയോടൊത്തായിരിക്കുക എന്നതാണ്.

### ക്രിസ്തീയജീവിതവും ത്രിത്വകുടുംബാനുഭവവും

ഈശോ പോകുന്നത് തന്റെ 'പിതാവിന്റെ ഭവന'ത്തിൽ ശിഷ്യന്മാർക്ക് വാസസ്ഥലമൊരുക്കാൻവേണ്ടിയാണ് (14,2-3). 'പിതാവിന്റെ ഭവനം' എന്ന് ഈശോ വിശേഷിപ്പിക്കുന്നത് ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗ്ഗത്തെയാണ്. അതുകൊണ്ട്, ദൈവം, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വത്തിന്റെ കുടുംബമാണെന്ന് ഇതു സൂചിപ്പിക്കുന്നു. ക്രിസ്തീയജീവിതം ത്രിത്വകുടുംബാനുഭവം നുകരുന്ന ജീവിതമാണ്; ത്രിത്വാത്മകകൂട്ടായ്മ അനുഭവിക്കുന്ന ജീവിതമാണ്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമ്മോദീസാ സ്വീകരിച്ചുകൊണ്ടാണല്ലോ നാം ക്രിസ്തീയജീവിതത്തിലേക്കു പ്രവേശിക്കുക. നാമം ആളിനെ പ്രതിനിധീകരിക്കുന്നു. അതുകൊണ്ട് നാം മാമ്മോദീസാ സ്വീകരിക്കുമ്പോൾ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും കുടുംബകൂട്ടായ്മയിലേയ്ക്കാണ് പ്രവേശിക്കുക (മത്താ 28,19). അതുകൊണ്ടാണ് സഭ ഒരു കൂട്ടായ്മയാണ് എന്നു പറയുന്നത്. പരിശുദ്ധ ത്രിത്വത്തിന്റെ കുടുംബക്കൂട്ടായ്മയിലേക്ക് പ്രവേശിച്ചവരുടെ സമൂഹമാണ് സഭ അഥവാ ക്രൈസ്തവസമൂഹം. ക്രിസ്തീയജീവിതം അവശ്യം സഭാത്മകമായിരിക്കണം. സഭാജീവിതത്തിൽ ഈ ത്രിത്വാത്മക കുടുംബാനുഭവം നുകരുവാനും അപ്രകാരം ജീവിക്കുവാനും നമുക്കു കഴിയണം.

**ക്രിസ്തീയജീവിതവും കുടുംബാരൂപിയും**

മാമ്മോദീസാ സ്വീകരിക്കുമ്പോൾ ദൈവപുത്രനായ ഈശോമിശിഹായുടെ ദൈവപുത്രത്വത്തിൽ നാമും പങ്കുചേരുന്നു. നാം ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരുമായിത്തീരുന്നു. വി. യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ നമ്മുടെ ദൈവപുത്രത്വത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു: "കണ്ടാലും! എത്ര വലിയ സ്നേഹമാണു പിതാവു നമ്മോടു കാണിച്ചത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണുതാനും" (1 യോഹ 3,1). നാം ദൈവപിതാവിന്റെ മക്കളാണെങ്കിൽ പരസ്പരം സഹോദരങ്ങളുമാണ്. ഈ ദൈവപുത്രത്വവും പരസ്പര സാഹോദര്യവും ജീവിക്കുമ്പോഴാണ് നാം യഥാർത്ഥ ക്രൈസ്തവജീവിതം നയിക്കുന്നത്. ഈശോയോടൊത്ത് അവിടുത്തെ പിതാവിന്റെ ഭവനത്തിൽ ജീവിക്കുക എന്നുവച്ചാൽ, ഈ ദൈവപുത്രത്വവും അതിൽനിന്നുരുത്തിരിയുന്ന പരസ്പര സാഹോദര്യവും ജീവിക്കുക എന്നാണർത്ഥം. ഇപ്രകാരം കുടുംബാരൂപിയിലുള്ള ജീവിതത്തിൽ നമ്മെ നവീകരിക്കുന്നതും ഊട്ടിയുറപ്പിക്കുന്നതും പരിശുദ്ധ കുർബാനയാഘോഷമാണ്. പരി. കുർബാനയിലുള്ള "നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ" എന്ന പ്രാർത്ഥന ഇതിന്റെ സൂചനയാണ്. അതുകൊണ്ട് പരിശുദ്ധ കുർബാനയർപ്പണത്തിൽ, കുടുംബാരൂപിയിൽ ഒന്നായിനിന്ന് കുടുംബാഘോഷം നടത്തുവാനും ഈ കുടുംബാരൂപിയും പരസ്പര സാഹോദര്യവും അനുദിനജീവിതത്തിൽ പ്രായോഗികമാക്കുവാനും നാം ശ്രമിക്കണം. ഇപ്രകാരം നാം ഈശോയോടൊത്ത് ജീവിക്കുമ്പോൾ അത് പിതൃഭവനത്തിൽ ഈശോയോടൊത്തായിരിക്കുന്ന സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനമാവുകയും ചെയ്യും.



## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**



# അനറ്റ് ആനന്ദിച്ചു...

## വി. മരിയ ബർട്ടില്ല

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

അനറ്റ് എന്നാ പേര്.

നാട് ഇറ്റലി...

'അനങ്ങാപ്പാറ അനറ്റ്'... എല്ലാ കാര്യങ്ങളും വളരെ സാവധാനം ചെയ്തതുകൊണ്ട് കിട്ടിയ പേരാ 'വാത്ത്' !

വീട്ടിലെ സാഹചര്യങ്ങൾ വളരെ ദയനീയമായിരുന്നു....

അപ്പൻ മുഴുക്കുടിയൻ... മൂക്കിന്റെ തുമ്പത്തു ദേഷ്യം..

വീട്ടിലെ ഭാരിച്ച ജോലികളുടെ നടുവിൽ അയൽപക്കത്തുള്ള വീടുകളിൽ വേലക്കാരിയായിട്ടു പോകേണ്ടിവന്നതിനാൽ സ്കൂളിൽ കൃത്യമായി പോകാനും കഴിഞ്ഞില്ല.

അനറ്റ് എന്നു വിളിക്കപ്പെട്ടിരുന്ന അന്ന ഫ്രാൻസെസ്കാ ബോസ്കാർഡിന്റെ ജീവിതം ആനന്ദിക്കുവാൻ വകയുള്ളതൊന്നും നൽകുന്നതായിരുന്നില്ല. പക്ഷേ ജീവിതക്ലേശങ്ങളുടെ നടു

വിലും അനറ്റ് ആനന്ദം കണ്ടെത്തി... വിശുദ്ധിയിലേക്കുള്ള തന്റെ വിളി തിരിച്ചറിഞ്ഞു. 'വാത്ത്' എന്ന് വിളിച്ച് സർവ്വരും പരിഹസിച്ചപ്പോൾ സർവ്വത്തിന്റെയും ഉടയവനിൽ അവൾ ആഹ്ലാദിച്ചു. നിന്ദനങ്ങൾക്കും കുറ്റപ്പെടുത്തലുകൾക്കും വിമർശനങ്ങൾക്കും നടുവിൽ ആന്തരികശാന്തതയുടെ ആനന്ദം അനുഭവിച്ചു.

കർത്താവിന്റെ മണവാട്ടിയാകുവാനുള്ള അതിതീവ്രമായ ആഗ്രഹത്താൽ കന്യകാലയത്തിന്റെ വാതിലുകൾ അവൾ മുട്ടി. അനറ്റിന്റെ മുമ്പിൽ എല്ലാ വാതിലുകളും കൊട്ടിയടയ്ക്കപ്പെട്ടുവെങ്കിലും തളരാതെ, പതറാതെ അപ്പസ്തോലിക തീക്ഷ്ണതയോടെ അവൾ പ്രാർത്ഥിച്ചു.

തീക്ഷ്ണമായ പ്രാർത്ഥനയ്ക്ക് ഉത്തരമായി അവൾക്കായി ഒരു സന്ന്യാസസമൂഹത്തിന്റെ വാതിലുകൾ തുറക്കപ്പെട്ടു. അവിടെ അനറ്റ് 'സിസ്റ്റർ മരിയ ബർട്ടില്ല'യായി... തന്റെ ഗുരുത്തിയമ്മയോട് അവൾ ഇപ്രകാരം പറഞ്ഞുവത്രേ... " അമ്മേ എല്ലാവരും എന്നെ വിളിക്കുന്നത് 'വാത്ത്' എന്നാ... ഒരു കാര്യവും മറ്റുള്ളവരെപ്പോലെ വേഗത്തിൽ ചെയ്യാനറിയില്ല... എത്ര ശ്രമിച്ചാലും ഏറ്റവും അവസാനത്തെയാളാ... ഒരു പൊട്ടി... ഒന്നും ചെയ്യാനറിയാത്തവൾ.... എനിക്കു പഠിപ്പിച്ചു തരണേ... എനിക്കൊരു വിശുദ്ധയാവണം... തീർച്ചയായും എനിക്കൊരു വിശുദ്ധയാവണം..."

വിശുദ്ധി സ്വന്തമാക്കുവാൻ തന്റെ നിരവധിയായ കുറവുകളുടെ നടുവിൽ കർത്താവിൽ നിറവനുഭവിച്ചു കൊണ്ട് ആനന്ദത്തോടെ അടുക്കളക്കാരിയായി...

അലക്കുകാരിയായപ്പോഴും ആനന്ദിച്ചു...

അർപ്പണബോധത്തോടെ നേഴ്സിന്റെ ശുശ്രൂഷ നിർവഹിച്ചു... അനറ്റിന്റെ ജീവിതത്തിലൂടെ അനേകർ ഈശോയിലേക്ക് ആകർഷിക്കപ്പെട്ടു...

ട്യൂമർ നിമിത്തം കഠിനവേദനയാൽ പുളഞ്ഞപ്പോഴും അവൾ തന്റെ ജീവിതത്തിലൂടെ പ്രസരിപ്പിച്ചത് ആനന്ദമായിരുന്നു... 1922 ഒക്ടോബർ 20 ന് തന്റെ മുപ്പത്തിനാലാമത്തെ വയസിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട മരിയ ബർട്ടില്ലയെ 1961 ൽ വിശുദ്ധയായി പ്രഖ്യാപിച്ചു.

മാനുഷികദൃഷ്ടിയിൽ അവൾക്കു കുറവുകളേ ഉണ്ടായിരുന്നുള്ളു. കുറവുകളെ നിറവുകളാക്കി 'വാത്ത്' വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറിയത് വളരെ വേഗത്തിലായിരുന്നു.

സുഹൃത്തേ, എനിക്കും നിനക്കും വിശുദ്ധരാകേണ്ടേ?... "ആനന്ദിക്കുവിൻ ആഹ്ലാദിക്കുവിൻ" എന്ന ശ്ലൈഹികപ്രബോധനത്തിലൂടെ ഫ്രാൻസിസ് മാർപാപ്പ നമ്മെ ക്ഷണിക്കുന്നത് വിശുദ്ധരാകാൻ വേണ്ടിതന്നെയാണ്.

വിശുദ്ധിയുടെ ലക്ഷണങ്ങളായി പാപ്പ അഞ്ചുകാര്യങ്ങൾ എടുത്തു പറയുന്നുണ്ട്:

❖ വിശുദ്ധമായ ജീവിതത്തിൽ ക്ഷമയോടെ, സ്ഥിരതയോടെ നിലനിൽക്കുക

❖ സന്തോഷവും നർമ്മഭാവവും കൈവിടാതെ സൂക്ഷിക്കുക

❖ ക്രൈസ്തവമായ ധീരതയും അപ്പസ്തോലിക തീക്ഷ്ണതയും പുലർത്തുക

❖ ആയിരിക്കുന്ന സമൂഹത്തിന്റെ വിശദാംശങ്ങളോടു ക്രിയാത്മകമായി പ്രതികരിക്കുക

❖ നിരന്തരമായ പ്രാർത്ഥനയും ആഴമായ നിശബ്ദതയും പുലർത്തുക.

ശ്ലീഹാക്കാലത്ത്, വിശുദ്ധരായ ശ്ലീഹന്മാരോടൊപ്പം വിശുദ്ധ മരിയ ബർട്ടില്ലായോടൊപ്പം ഈ അഞ്ച് ലക്ഷണങ്ങൾ ജീവിതത്തിലൂടെ അന്വർത്ഥമാക്കുവാൻ നമുക്കും പരിശ്രമിക്കേണ്ടേ...?

# സുകൃതവഴിയേ ചരിക്കാൻ...

സുകൃതം ചെയ്യണം സുകൃതജപം ചൊല്ലണം

ഫാ. ജോസഫ് മുളവന
ചങ്ങനാശ്ശേരി രൂപത

വിശ്വാസവീഥിയിൽ നമുക്കുള്ള വഴികാട്ടി നമ്മുടെ പിതാവായ, നമ്മുടെ ശ്ലീഹായായ, മാർ തോമാ ശ്ലീഹാതന്നെയാണ്. ദീദിമോസ് തോമസ് എന്നാണ് അവന്റെ പേര്. ദീദിമോസ് എന്നാൽ ഇരട്ടപിറന്ന വൻ എന്നർത്ഥം. ദീദിമോസ് തോമസ് എന്നാൽ ഈശോയ്ക്ക് ഇരട്ടപിറന്ന തോമസ് എന്നർത്ഥമാക്കുന്നുവെന്ന് സഭാപിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നു. ശ്ലീഹായുടെ വാക്കുകളും പ്രവൃത്തികളുമെല്ലാം ദ്യോദിപ്പിക്കുന്നത് അതുതന്നെയാണ്. ഈശോയ്ക്ക് ഇരട്ടപിറന്നവന്റെ ജീവിതശൈലിയാണ് തോമാശ്ലീഹായുടേത്.

## സുകൃതവഴി - മാർതോമാമാർഗം

നസ്രാണിസമൂഹത്തിന്റെ ജീവിതവഴി ഏതെന്ന ചോദ്യത്തിനുത്തരമാണ് മാർ തോമാമാർഗം. തോമാ ശ്ലീഹാ കാണിച്ചുതന്ന വഴിയിലൂടെയാണ് ആദിമ ഭാരതക്രൈസ്തവസമൂഹം ക്രൈസ്തവചൈതന്യം ജീവിച്ചത്. അത് ശ്ലീഹായുടെ സ്വന്തം വഴിയല്ല. മറിച്ച് തന്റെ ഗുരുവും നാഥനുമായി സ്വീകരിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ വഴിതന്നെയായിരുന്നു. തന്റെ അറിവില്ലായ്മ മുഖംമൂടി അഴിച്ചുവച്ചു സമ്മതിച്ചവനാണ് ശ്ലീഹാ: "കർത്താവേ നീ എവിടേക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും?" (യോഹ 14,5). ചോദിച്ചറിഞ്ഞ വഴിയേ ചരിക്കാൻ തോമാശ്ലീഹാ തയ്യാറായി. അതിന്റെ ഫലമാണ് നസ്രാണിസമൂഹത്തിന് സ്വന്തമായി ലഭിച്ച മാർതോമാമാർഗം - പിതാവിലേക്കുള്ള ഏക വഴിയായ മിശിഹാതന്നെ.

## സുകൃതം ചെയ്യണം

ഈശോ സ്നേഹിച്ചിരുന്ന ലാസറിന്റെ അടുത്തേക്ക് പോകുന്നതിന് തടസ്സം പറഞ്ഞ ശിഷ്യന്മാർ ഈശോയുടെകൂടെയുണ്ടായിരുന്നു. യൂദായിൽ എത്തിയാൽ ഈശോയെ കല്ലെറിയുവാൻ തയ്യാറായി നിന്ന യഹൂദരുടെ ചിന്തയാണ് ശിഷ്യരെ ആശങ്കയിലാക്കിയത് (യോഹ 11,8). അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം (യോഹ 11,16) എന്നു പറഞ്ഞ ഒരു ശിഷ്യനും അക്കൂട്ടത്തിലുണ്ടായിരുന്നു എന്നതും അത് തോമാശ്ലീഹായായിരുന്നു എന്നതും നമുക്ക് അഭിമാനജനകമാണ്.

സുകൃതം ചെയ്യൽ ഒരു മരണംവരിക്കലാണ്. തന്നിലെ താനെന്ന ഭാവം മരിക്കാനനുവദിക്കാതെ സുകൃതം ചെയ്യാനാവില്ല. ജീവിക്കാനുള്ള ആഗ്രഹത്തിനുമേൽ പുണ്യം ചെയ്യാനുള്ള ആഗ്രഹം ഉയരുമ്പോഴാണ് ജീവിതം അർത്ഥമുള്ളതാകുന്നത്. മുറിക്കാതെ കൊടുക്കാനാവുമോ? വേദനയറിയാതെ മുറി

ക്കാനാവുമോ? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് മരണം. സുകൃതം ചെയ്ത് വരിക്കുന്ന അനേക മരണങ്ങളുടെ ഉപസംഹാരമാണ് രക്തസാക്ഷിത്വം.


## സുകൃതജപം ചൊല്ലണം

"എന്റെ കർത്താവേ, എന്റെ ദൈവമേ" (യോഹ 20,28). മാർ തോമാശ്ലീഹായുടെ സുകൃതജപം നസ്രാണിസമൂഹത്തിന്റേതായി മാറി. നന്മയുടെ ചിന്തയുമായി ചരിക്കാതെ ഒരു മനുഷ്യനും നന്മപ്രവൃത്തികൾ ചെയ്യാനാവില്ല. അതുകൊണ്ടല്ലേ കന്യാസ്ത്രീകൾ ആദ്യകുർബാനസ്വീകരണത്തിന് ഒരുക്കിയ നാൾമുതൽ സുകൃതജപം ചൊല്ലാൻ നമ്മെ പ്രേരിപ്പിച്ചത്.

## ഇവിടെ സമാപിഷിക്കാം

നാമെല്ലാവരും തിരക്കിലാണ്. ആർക്കും തീരെ സമയമില്ല. ഫേസ്ബുക്ക്, വാട്ട്സ് ആപ്പ്, മെസ്സഞ്ചർ, ഇൻസ്റ്റഗ്രാം ... അങ്ങനെപോകുന്നു നമ്മെ തിരക്കിലാക്കുന്നവരുടെ ലിസ്റ്റ്. സമയമറിയാതെ, കാലമറിയാതെ, കാലാവസ്ഥയറിയാതെ, വിശപ്പറിയാതെ, രോഗമറിയാതെ കൂടെയായിരിക്കുന്നവന്റെ ചൂടോ തണുപ്പോ ഒന്നുമറിയാതെ ഞാനും നിങ്ങളും - നമ്മൾ ചരിക്കുകയാണ്... ഒരു മരണസംസ്കാരത്തിലേക്ക്! ജീവൻ നല്കുവാനും അതു സമൃദ്ധമായി നല്കുവാനും വന്ന നാഥന്റെ പാത തുടരുന്ന നമുക്ക് സുകൃതവഴിയേ ചരിക്കാതിരിക്കാനാവില്ല. എങ്കിൽ ആ വഴിയായ നാഥന്റെ വഴിയേ (മാർ തോമാമാർഗം) നടന്ന് സുകൃതം ചെയ്ത് സുകൃതജപം ചൊല്ലി നമ്മെത്തന്നെ ജീവിക്കുന്നവരാക്കേണ്ടിയിരിക്കുന്നു. നമ്മൾ ഈ മണ്ണിൽ ജീവിക്കുന്നുവെന്ന് നമ്മളെങ്കിലും അറിയേണ്ടേ... എന്നാലല്ലേ നമ്മൾ ജീവിക്കുന്നുവെന്ന് മറ്റുള്ളവരെയും അറിയിക്കാനാവൂ. ആകെ കലുഷിതമായ ഈ വഴിയിൽ സുകൃതങ്ങൾ ചെയ്ത് സുകൃതജപം ചൊല്ലി നമുക്കും മുന്നേറാം.

**ദുക്റാന**
**തിരുനാൾ മംഗളങ്ങൾ!**





# നീ ക്രിസ്ത്യാനിയോ?

**സ്റ്റെഫി മംഗലത്തുകുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ജീവിതയാത്രയിലെവിടെയോവച്ച് പരിചയപ്പെട്ടു... പേര് പൂജ. പല മലയാളിയുവതിക്കും പറയാനുള്ള കദനകഥകൾ ഈ ബിരുദവിദ്യാർത്ഥിനിയും പങ്കുവച്ചു... മദ്യപാനിയായ പിതാവ്, പഠിക്കുന്ന സഹോദരങ്ങൾ, കൂലിപ്പണിയെടുത്ത് ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പാടുപെടുന്ന അമ്മ. "ഒരു ജോലി സമ്പാദിക്കണം. അമ്മയുടെ കഷ്ടപ്പാടിന് ഒരറുതി വരുത്തണം. ഉപരിയായി കുടുംബസമാധാനം വേണം..." നിറയുന്ന കണ്ണുകൾക്ക് തടയിടാൻ ശ്രമിച്ചുകൊണ്ട് അവൾ സ്വപ്നങ്ങൾ പങ്കുവച്ചു. പക്ഷേ എന്റെ കണ്ണുടക്കിയത് മറ്റൊന്നിലാണ്. കീറിത്തുടങ്ങിയ ബാഗിൽ രണ്ടു പൊതിച്ചോറ്! ഒന്നിനല്പം വലിപ്പം കൂടിയിരുന്നുവോ...? ആരോരുമില്ലാതെ അനാഥാലയത്തിൽ കഴിയുന്നവർക്കുവേണ്ടി അവളുടെ അമ്മ തയ്യാറാക്കിയതാണ് ആ പൊതികളിലൊന്ന്; വിധവയുടെ ചില്ലിക്കാശുപോലെ... ഈശോയുടെ മാർഗത്തെ താനറിയാതെ പിന്തുടരുന്ന അക്രൈസ്തവർ... ഇവർക്കായി എപ്പോഴേതന്നെ സ്വർഗത്തിൽ സ്ഥലം ഒരുക്കപ്പെട്ടിരിക്കുന്നു!

മിശിഹായെ അടുത്തനുഗമിക്കുന്നവനാണ് ക്രിസ്ത്യാനി; ഈശോ ഈ ലോകത്തിൽ എങ്ങനെ ജീവിച്ചിരുന്നുവെന്ന് ഇന്ന് ഈ ലോകത്തിനു കാണിച്ചുകൊടുക്കേണ്ടവനാണവൻ. ആദിമസഭയുടെ ദാരിദ്ര്യചൈതന്യത്തെയും പരസ്നേഹത്തെയുംകുറിച്ച് വായിക്കുകയും ധ്യാനിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന നമുക്ക് അതു ജീവിതത്തിൽ പ്രാവർത്തികമാക്കാൻ എന്തേ സാധിക്കുന്നില്ല? ലോകം വച്ചുനീട്ടുന്ന സൗഭാഗ്യത്തിനുമുമ്പിൽ സ്വയം മറന്ന് ആഹ്ലാദിക്കുന്നവർ... കൂദാശാസ്വീകരണങ്ങൾപോലും ആർഭാടമാക്കിമാറ്റി ആത്മീയതയെ ഇല്ലാതാക്കുന്നവർ... നമ്മെ ക്രൈസ്തവരെന്നു വിശേഷിപ്പിക്കാമോ?

നമ്മുടെ ആത്മീയജീവിതം അധഃപതനത്തിലേക്കു വഴിമാറുവാൻ കാരണമായതെന്താണ്? വെള്ളിയാഴ്ചകളിലെ മാംസവർജ്ജനവും തിരുനാളുകൾക്കുമുമ്പിലെ നോമ്പും ഉപവാസവുമൊക്കെ ആത്മീയതയ്ക്കു കരുത്തുപകരുന്ന ശക്തിയായിരുന്നു; വിശുദ്ധിക്കുള്ള മാർഗമായിരുന്നു. കാലഹരണപ്പെട്ട വസ്തുതകളെന്നും ജീവിതമാണ് ഏറ്റം പ്രധാനപ്പെട്ടതെന്നും പഴിചാരി ഇന്നു നാം തള്ളിക്കളയുന്ന ഇക്കാര്യങ്ങളായിരുന്നു ഒരു കാലത്ത് നമ്മുടെ പൂർവികർ ശക്തിയായി സ്വീകരിച്ചിരുന്നത്. ടെലിവിഷനും കമ്പ്യൂട്ടറും മൊബൈൽ ഫോണുമൊക്കെ നമ്മുടെ ആത്മീയജീവിതത്തിന്റെ കരുത്തിനെ നിർവീര്യമാക്കുമ്പോൾ, ദൈവസ്തുതികളാലപിക്കേണ്ട രാത്രിയാമങ്ങൾ സിനിമയുടെയും സീരിയലിന്റെയും സമൂഹമാധ്യമങ്ങളുടെയും ലഹരിയിൽ മുങ്ങിത്തുടിക്കുമ്പോൾ, മറക്കരുത് - ഈ ജീവിതത്തിനപ്പുറത്ത് നിത്യത നമ്മെ കാത്തിരിപ്പുണ്ട്. അതു നിത്യാനന്ദമായാലും നിത്യനരകമായാലും നമുക്കുവേണ്ടി തയ്യാറാക്കപ്പെട്ടിരിക്കും. നമ്മുടെ ചെയ്തികൾ നമ്മെ വിധിക്കുമ്പോൾ, ദൈവതിരുമുഖത്തേക്കു നോക്കാനാവാതെ, കുനിഞ്ഞ ശിരസ്സോടെ നിത്യനരകത്തിലേക്കു നാം യാത്രയായാൽ... ഈ ലോകം നല്കിയ സുഖങ്ങൾ അവിടെ നമ്മെ കാത്തിരിക്കില്ല; ഈ ലോകം വച്ചുനീട്ടിയ സുഹൃത്തുക്കൾ നമുക്കുവേണ്ടി വാദിക്കുകയുമില്ല. നമ്മുടെ പ്രവൃത്തികൾ സമ്പാദിച്ച പ്രതിഫലം നാം സ്വീകരിച്ചേ മതിയാവൂ.

ഭയപ്പെടേണ്ട, സമയം അതിക്രമിച്ചിട്ടില്ല. വർഷങ്ങളോ നിമിഷങ്ങളോ, ആയുസ്സിൽ അവശേഷിക്കുന്നത് എന്തുമാകട്ടെ, നന്മയിലൂടെ നടക്കാൻ ദൈവം നല്കിയ അവസരങ്ങളാണ്. ആത്മാർത്ഥമായ അനുതാപം, തിരിഞ്ഞുനടക്കൽ ഇവ മാത്രമാണ് തമ്പുരാന് ആവശ്യം. ആരെന്നറിയാത്തവൻ വിളിച്ചപ്പോൾ കൂടെപ്പോയവരാണ് ശിഷ്യന്മാർ. ബലഹീനരായിരുന്നു... എന്നാൽ തമ്പുരാനുവേണ്ടി വിലപ്പെട്ടതെന്നുതോന്നിയ പലതും ഉപേക്ഷിക്കാൻ തയ്യാറായി. തമ്പുരാൻ ശക്തി പകർന്നു; അവർ ധീരരായി ജീവിച്ചു.

ആരെന്നറിയാത്തവനെയല്ല നാം പിന്തുടരുന്നത്. ദൈവപുത്രനായ ഈശോമിശിഹായെത്തന്നെയാണ്. ചോദിക്കണം, ശക്തിപ്പെടുത്തുന്ന പരിശുദ്ധാത്മാവിനെ അവിടുന്ന് അധികമായി നല്കും. തെറ്റുകൾ സംഭവിച്ചോട്ടെ, അനുതപിച്ചാൽ വീണ്ടും മാറോടു ചേർക്കും. സ്വന്തമായി ഒന്നും ചെയ്യാൻ പറ്റാത്തവനായി ഭൂമിയിൽ ജനിക്കുന്ന മനുഷ്യൻ... അങ്ങനെതന്നെ അന്ത്യയാത്രയും. ഇതിനിടയിൽ സ്വന്തം കാലിൽ നില്ക്കുന്ന ചുരുങ്ങിയ സമയം. ആ സമയത്തെന്തേ നാം ദൈവത്തോടു മറുതലിക്കുന്നു? നേടിയതൊന്നും നേട്ടങ്ങളാവില്ല, നേടേണ്ടവനെ വേണ്ടവിധം നേടാതിരുന്നാൽ... എരിവോടെ പ്രാർത്ഥിക്കാം: തമ്പുരാനേ, നിനക്കുവേണ്ടി ജീവിക്കുവാൻ, എന്റെ ജീവിതം നല്കിയ കടമകൾ യഥാവിധം നിർവഹിച്ച് നിന്റെ മുമ്പിൽ യോഗ്യതയോടെ പ്രത്യക്ഷപ്പെടാൻ എന്നെ അനുഗ്രഹിക്കണമേ.

# കാവലാൾ - 7

5 മണിയ്ക്ക് ഉണർത്തുമണി അടിച്ചിട്ട് പള്ളിയിൽ പോകാൻ സ്റ്റീനായ്ക്ക് പറ്റുമോ എന്നറിയാനാണ് മേഴ്സി അവളുടെ കിടക്കയുടെ അടുത്തെത്തിയത്. കട്ടിലിൽ കിടക്കുന്ന സ്റ്റീനായുടെ മുഖത്ത് ഏതോ പ്രകാശം വന്നടിക്കുന്നതുപോലെ അവൾക്കു തോന്നി. കുറച്ചു നേരം അവൾ അതു നോക്കി നിന്നു.

"നാളെയും വരണേ അമ്മേ...". സ്റ്റീനാ അതു പറഞ്ഞു കഴിഞ്ഞപ്പോൾ ആ പ്രകാശം അകന്നു പോയി. മേഴ്സി അവിടെ മുട്ടുകുത്തി. സ്റ്റീന ഉണർന്നപ്പോൾ മുട്ടുകുത്തി നിൽക്കുന്ന മേഴ്സിയെക്കണ്ട് അവൾ പെട്ടെന്നെഴുന്നേറ്റു... തന്റെ കാൽമുട്ടു നീരു വച്ചിരുന്ന കാര്യം പോലും അവൾ മറന്നു. വളരെ ഉത്സാഹവതിയായി അവൾ പള്ളിയിൽ പോയി.

"ദേ, സ്റ്റീനാചേച്ചി... അപ്പോ കാലേലെ നീരെല്ലാം പോയോ?" മീനുക്കുട്ടി അതിശയത്തോടെ അതുറക്കെ പറഞ്ഞപ്പോൾ അവൾ കണ്ണിറുക്കി കാട്ടി.

അന്ന് സബ്ജില്ലാ കലോത്സവത്തിലേക്ക് പാട്ടുകാരെ തിരഞ്ഞെടുക്കാൻ ലത ടീച്ചർ എത്തി. സ്റ്റീനയെ ആദ്യം തന്നെ ലിസ്റ്റിൽ ഉൾപ്പെടുത്തി. ഏറെ സ്വരങ്ങളുള്ള ഒരു പുതിയ പാട്ടാണ് ടീച്ചർ ഇത്തവണ കൊണ്ടു വന്നത്. 3 രാഗങ്ങളിലൂടെ കയറിയിറങ്ങി എത്തുന്ന മനോഹരമായ പാട്ട്. വളരെ അനായാസമായി സ്റ്റീന അതു പഠിച്ചെടുത്തു.

"സ്റ്റീനാ സംഗീതം പഠിച്ചിട്ടുണ്ടോ?"

"ഇല്ല".

"പക്ഷേ വളരെ നന്നായി കുട്ടി അതു പാടുന്നുണ്ട്". അതുകൊണ്ടുതന്നെ ലളിതഗാനത്തിനും കവിതാലാപനത്തിനും കൂടി ടീച്ചർ അവളെത്തന്നെ തിരഞ്ഞെടുത്തു. നിമ്മിക്കതത്ര രസിച്ചില്ല. എന്നാലും അവളുടെ കഴിവിനെ അംഗീകരിക്കാതിരിക്കാൻ ആർക്കാണു കഴിയുക... സ്റ്റീനാ കവിത ചൊല്ലുന്നതു കേട്ടപ്പോൾ കരച്ചിലുവന്നുവെന്ന് മരിയ പറഞ്ഞപ്പോൾ നിമ്മി തലയാട്ടി...

ഗാനമേള മത്സരത്തിന് റിഥംപാഡ് കൊട്ടാനും സ്റ്റീനായെ തിരഞ്ഞെടുത്തു. നല്ല താളബോധമുള്ള കുട്ടിയാണവളെന്ന് ലതടീച്ചറിനു മനസിലായി.

"പുറത്തുനിന്നുള്ള ഒരു സാറു വരും, പഠിപ്പിക്കാൻ. ആ സാറിന്റെ സൗകര്യമനുസരിച്ച് മോളു ക്ലാസിൽ നിന്നനുവാദം വാങ്ങി മ്യൂസിക്ക് റൂമിൽ പോയിരുന്നു പഠിക്കണം". അവൾ തലയാട്ടി.

ഒരാഴ്ച്ച കഴിഞ്ഞപ്പോഴേക്കും അവൾക്ക് നന്നായി റിഥംപാഡ് വായിക്കാമെന്നായി... അന്ന് വിനോദ് സാറ് വന്നത് 3 മണി കഴിഞ്ഞാണ്. സ്റ്റീനായെ ക്ലാസിൽ നിന്നും വിളിച്ച് മ്യൂസിക് റൂമിലേക്കു വിട്ടപ്പോഴാണ് ലതടീച്ചറിനെ ഹെഡ്മിസ്ട്രസ്സു വിളിച്ചത്. അവൾ കൊട്ടാൻ തുടങ്ങിയപ്പോൾ വിനോദ് അവളുടെ അടുത്തുവന്നിരുന്നു കൈകളിൽ പിടിച്ചു കൊട്ടിക്കാൻ ശ്രമിച്ചു. അതിൽ അവൾക്കു

**ജാൻസിടീച്ചർ**
**കറുകപ്പറമ്പിൽ**

പ്രത്യേകിച്ചൊന്നും തോന്നിയില്ല. പക്ഷേ പെട്ടെന്നയാൾ പിന്നിലൂടെ അവളെ ചേർത്തുപിടിച്ചു. "എന്റെ അമ്മേ, മാതാവേ...." എന്നവൾ ഉറക്കെ വിളിച്ചു. അയാളുടെ കൈകൾ പെട്ടെന്നയഞ്ഞു. ഇലക്ട്രിക് ഷോക്കേറ്റതുപോലെ ഒരനുഭവം അയാൾക്കുണ്ടായി. അവൾ ആ മുറിയിൽ നിന്നും ഓടി ക്ലാസ്റൂമിൽ പോയി. ലത ടീച്ചർ മ്യൂസിക്ക് റൂമിൽ വന്നപ്പോൾ വിനോദ് സാർ വിയർത്തുകുളിച്ച് വല്ലാതെ വിഷമിച്ചിരിക്കുന്നതുപോലെ തോന്നി...

"എന്തു പറ്റി സാറേ?"

"ടീച്ചർ, ആ കുട്ടിയെ ഒന്നു വിളിക്കാമോ... അതിനോട് എനിക്കുവേണ്ടി ഒന്നു പ്രാർത്ഥിക്കാൻ പറയാമോ..."

"സാറിനു വെള്ളം വല്ലതും വേണോ? എന്താ സാർ പറ്റിയത്?"

"ഒന്നുമില്ല... ആ കൊച്ച് വന്നു പ്രാർത്ഥിച്ചാൽ എന്റെ വിഷമം മാറും..."

സ്റ്റീനായെ വിളിക്കാൻ ടീച്ചർ തന്നെ ക്ലാസിൽ പോയി...

അവളെ കൂട്ടിക്കൊണ്ടു വരുമ്പോൾ ടീച്ചർ പറഞ്ഞു. "സ്റ്റീനാ നന്നായി പ്രാർത്ഥിക്കുമല്ലേ... ആ സാർ മോളൊന്നു പ്രാർത്ഥിക്കാമോ എന്നു ചോദിക്കുന്നു... എന്തോ ഒരു വേദന കൈയിലുണ്ടെന്നു പറഞ്ഞ് അവിടെ ഇരിക്കുകയാ സാർ".

അവൾ മറുപടി ഒന്നും പറഞ്ഞില്ല... ടീച്ചറിന്റെ പിന്നാലെ ആ മുറിയിൽ ചെന്ന് ഒന്നും സംഭവിക്കാത്തതു പോലെ അവൾ പ്രാർത്ഥിച്ചു.

"ടീച്ചറെ ഈ കുട്ടി നന്നായി വായിച്ചോളും... എനിക്കിനി വരാൻ പറ്റില്ല... കുട്ടി നന്നായി പഠിച്ചിട്ടുണ്ട്". മറ്റൊന്നും പറയാതെ 'വേദന കുറഞ്ഞു; ആശ്വാസമുണ്ട്' എന്നുമാത്രം പറഞ്ഞ് വിനോദ് സാറ് പോയി. സ്റ്റീനാ ഹൃദയത്തിൽ പരിശുദ്ധ അമ്മയോട് നന്ദി പറഞ്ഞുകൊണ്ടിരുന്നു. 'വിശുദ്ധിയുടെ നിറകുടമേ, എന്റെ വിശുദ്ധി കാത്തു സൂക്ഷിക്കുവാൻ അമ്മ എപ്പോഴും എന്റെ കൂടെ ഉണ്ടാവണമേ... ആ മനുഷ്യനോട് ക്ഷമിക്കണമേ...'

ലതടീച്ചർ സ്റ്റീനായോടു പറഞ്ഞു: "മോളു പ്രാർത്ഥിച്ചപ്പോൾ ആ സാറിന്റെ വേദനകുറഞ്ഞു എന്നാണല്ലോ പറഞ്ഞത്... ദേ എന്റെ കൈയിൽ എപ്പോഴും നീരു വയ്ക്കും... മോൾ ഇവിടെ ഒന്നു കൈവച്ചു പ്രാർത്ഥിച്ചേ..."

"ശ്ശൊ... ടീച്ചറേ... കൈവച്ചു പ്രാർത്ഥിക്കാൻ ഞാൻ അച്ചനൊന്നുമല്ല... ഞാൻ പ്രാർത്ഥിച്ചോളാം". മറ്റു കുട്ടികൾ ആ മുറിയിലേക്കു വന്നതിനാൽ അവരുടെ സംസാരം മുറിഞ്ഞു. പക്ഷേ ലതടീച്ചർ അവളെ ഏതോ പ്രത്യേകതകളുള്ള വ്യക്തിയായി കാണാൻ തുടങ്ങിയിരുന്നു. അന്ന് റംശാ പ്രാർത്ഥനയുടെയും ജപമാല പ്രാർത്ഥനയുടെയും സമയത്ത് അവൾ വിശുദ്ധി നഷ്ടപ്പെട്ട മനുഷ്യരെ ഓർത്തുകരയുന്ന പരിശുദ്ധ അമ്മയെ ആശ്വസിപ്പിക്കുവാൻ വിശുദ്ധിക്കുവേണ്ടി സഹിക്കാൻ താൻ തയ്യാറാണെന്ന് വാഗ്ദാനം ചെയ്യുകയായിരുന്നു.

(തുടരും)

സ്നേഹം:
പാഠവും പഠനവും
(4)

# സന്തോഷവും അസന്തോഷവും





**ഡോ. ജേക്കബ് കോയിപ്പള്ളി**
**കാനാ, തുരുത്തി**

എന്താണ് ആത്മീയത..?

⇨ശരീരവും ആത്മാവും സ്നേഹകേന്ദ്രത്തിലേക്കുള്ള യാത്രക്ക് സ്വതന്ത്രമായി എടുക്കുന്ന തീരുമാനമാണത്. ഒരുവനെ പൂർണ്ണമാക്കുന്ന ഒരു ജീവിതശൈലിയോട് ഞാൻ കാണിക്കുന്ന പ്രതിബദ്ധതയാണത്.

⇨ലോകത്തിലുള്ളതെല്ലാം - നന്മയുടെ കണ്ണിലൂടെ കണ്ടാലും - അവയിൽ പലതിനെയും മാറ്റിവയ്ക്കാനുള്ള സ്നേഹപ്രേരിതമായ സന്നദ്ധത, അങ്ങനെ ഒരു ജീവിതശൈലിക്ക് തന്നെ പുതുക്കി പണിയാനും താനായിരിക്കുന്നതിന്റെ അപ്പുറത്തേക്ക് തന്നെ എത്തിക്കാനും കഴിയും എന്നുള്ള ഒരുവന്റെ കണ്ടെത്തലിന്റെ ഫലമാണത്.

നമുക്ക് ജീവനുണ്ട്; എന്നാൽ അത് സമൃദ്ധമായി ഉണ്ടാവുന്നത് ദൈവത്തോടുള്ള കൂട്ടായ്മയിലാണ്. എല്ലാത്തിനെയും നമുക്ക് സ്നേഹിക്കാം; അത് ദൈവത്തോടുള്ള കൂട്ടായ്മയെ ഉന്നംവച്ചായിരിക്കണം എന്നുമാത്രം. 'എറ്റവും ഉപരിയായ നന്മയോട് എറ്റവും സാധ്യമായ രീതിയിൽ ബന്ധപ്പെട്ടിരിക്കുക'. എല്ലാ സൗഹൃദങ്ങളും ഈ പ്രധാന ബന്ധത്തിന്റെ ബഹിർസ്ഫുരണങ്ങൾ മാത്രം.

തിന്മയിലായിരിക്കുമ്പോൾ ഒരിക്കലും ആത്മീയസന്തോഷമില്ല. തിന്മ പങ്കുവയ്ക്കുക എന്നത് ആയുസ്സില്ലാത്ത, ഞെട്ടലുളവാക്കുന്ന, സംശയം ജനിപ്പിക്കുന്ന നിമിഷങ്ങളുടെയും വികാരങ്ങളുടെയും വേലിയേറ്റം മാത്രമാണ്. തിന്മയിൽ ചരിക്കുന്നവൻ, പവിത്രമായ സന്തോഷം അവന് അനുഭവിക്കാവുന്ന കാലങ്ങളും സമയങ്ങളും നഷ്ടപ്പെടുത്തുന്നു. ഒരുപക്ഷേ എന്നോ ഒരിക്കൽ തിരിച്ചെത്തുമ്പോൾ എത്രയോ കാലം തനിക്കത് നഷ്ടപ്പെട്ടു എന്നൊരു ദുഃഖം പരമസന്തോഷത്തിലും പശ്ചാത്താപത്തോടെ അവൻ ഓർക്കുന്നു. ചുരുക്കത്തിൽ സന്തോഷം എന്നത് ശുദ്ധമായ സ്നേഹമാണ്; വിശുദ്ധിയാണ്. സൃഷ്ടിയിൽനിന്നും സ്രഷ്ടാവിലേക്ക് സ്നേഹം കേന്ദ്രീകരിച്ച് സൃഷ്ടിയെ സ്രഷ്ടാവിലെത്തിക്കുന്ന പ്രക്രിയയിൽ ഒരുവൻ അവന്റെ ആഗ്രഹങ്ങളിലും ഇന്ദ്രിയങ്ങളിലും വരുത്തുന്ന രൂപീകരണമാണത്. ആ വിശുദ്ധജീവിതശൈലി അവന്റെ സന്തോഷവും, ആ തീരുമാനം അവന്റെ സ്നേഹത്തിന്റെ പ്രകാശനവുമാകുന്നു.

അതായത് സന്തോഷമെന്നാൽ ഒരുവൻ ദൈവത്തിൽ ആയിരിക്കുന്നതുതന്നെയാണ്. അങ്ങനെയെങ്കിൽ ദൈവത്തിൽനിന്നു മനവും ഹൃദയവും അടർത്തുന്നതു തന്നെയാവണം അസന്തോഷം.

# ദൈവത്തെ കേൾക്കുക

**ഫാ. ഷിബു പുളിക്കൽ**
**നെരുൾ, കല്യാൺ രൂപത**

തിബേരിയാസ് കടലിൽ വലയെറിഞ്ഞുകൊണ്ടിരുന്ന ശിഷ്യന്മാരോട് ഈശോ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. 'കുഞ്ഞുങ്ങളേ നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ?' കർത്താവു ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം വ്യർത്ഥമാകുമെന്നും കർത്താവു നഗരം കാക്കുന്നില്ലെങ്കിൽ കാവൽക്കാർ ഉണർന്നിരിക്കുന്നത് വ്യർത്ഥമാണെന്നുമുള്ള വചനം നിങ്ങൾക്കറിയില്ലേ എന്നാണ് ആ ചോദ്യത്തിനർത്ഥം. അദ്ധ്വാനങ്ങൾ ഫലമണിയണമെങ്കിൽ ദൈവം കൂടെയുണ്ടാകണമെന്ന ചിന്ത മറന്നു ജീവിക്കുന്ന ഒരു സമൂഹത്തിനുള്ള ഓർമ്മപ്പെടുത്തൽ കൂടിയാണ് ആ ചോദ്യം.

നിയമാവർത്തന പുസ്തകം 8-ാം അദ്ധ്യായം 17-ാം വാക്യം വായിച്ച് ധ്യാനിക്കണം. 'എന്റെ ശക്തിയും എന്റെ കരങ്ങളുടെ ബലവുമാണ് എനിക്ക് ഈ സമ്പത്തെല്ലാം നേടിത്തന്നത് എന്ന് ഹൃദയത്തിൽ നിങ്ങൾ പറയരുത്.'

ദൈവത്തിന്റെ വാക്കുകേട്ട് ദൈവത്തിന്റെ വഴികളിലൂടെ സഞ്ചരിച്ചാൽ നിന്റെ വലയും വള്ളവും നിറഞ്ഞ് കവിയുകയും നിനക്ക് സമ്പൽസമൃദ്ധിയുണ്ടാവുകയും ചെയ്യും. ജീവിതത്തിൽ പരാജയങ്ങൾ തുറിച്ചു നോക്കുമ്പോൾ, എന്തുചെയ്യണമെന്നറിയാതെ വിഷമിക്കുമ്പോൾ കരയിലേക്കു നോക്കണം. അവിടെ ദൈവം നമ്മെ കാത്തു നിൽക്കുന്നുണ്ടാവും. നമ്മുടെ ഒറ്റയ്ക്കുള്ള യാത്രകൾ എവിടം വരെയെന്നറിയാൻ അവിടുന്നു നമ്മോടൊപ്പം നടക്കും. എല്ലാം അസ്തമിക്കുന്നുവെന്നു തോന്നുമ്പോൾ നമ്മൾ അവിടുത്തെ വിളിക്കുമോയെന്നറിയാൻ ക്ഷമ കാണിക്കും.

"മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു. എന്നാൽ അന്തിമമായ തീരുമാനം കർത്താവിന്റേതാണ്" (സുഭാ 16:1). അതുകൊണ്ട് വലയെറിയുന്നതിനുമുമ്പ് ദൈവിക അരുളപ്പാടുകൾക്ക് കാതോർക്കുന്നതു നല്ലതാണ്. ദൈവേഷ്ടമാണ് നിറവേറേണ്ടത്. ഒരമ്മ തന്റെ മകന് പരീക്ഷയിൽ റാങ്കു കിട്ടണേയെന്നു ദൈവത്തോടു പ്രാർത്ഥിച്ചു. ദൈവം പ്രത്യക്ഷപ്പെട്ടു ചോദിച്ചു: "ഇക്കൊല്ലം പരീക്ഷയെഴുതിയ ഒരു ലക്ഷം കുട്ടികൾ ഇതേ പ്രാർത്ഥനയുമായി എന്റെ പക്കൽ വന്നിട്ടുണ്ട്. അതിൽ നിന്റെ മകന് എന്താണു പ്രത്യേകത?" ആ സ്തീ പറഞ്ഞു: "ഞാൻ പത്തു രൂപയുടെ വഴിപാടു കഴിച്ചിട്ടുണ്ട്". അപ്പോൾ ദൈവം പറഞ്ഞു: "അടുത്ത വീട്ടിലെ മുതലാളി തന്റെ മകനുവേണ്ടി നൂറു രൂപയുടെ വഴിപാടാണ് കഴിച്ചിരിക്കുന്നത്, അപ്പോളോ?" അവൾ ദൈവത്തോടു ചോദിച്ചു: "ദരിദ്രയായ എന്റെ പത്തു രൂപയ്ക്കല്ലേ ധനികന്റെ നൂറു രൂപയേക്കാൾ വില?" ദൈവം വിട്ടില്ല... "ദാരിദ്ര്യം നോക്കുകയാണങ്കിൽ അപ്പുറത്തെ ചേരിയിൽ പാർക്കുന്ന സ്ത്രീ വെറും ഒരു രൂപയാണു വഴിപാടു നൽകിയത്. അതുപോലുമില്ലാതെ കരഞ്ഞ അമ്മമാർ വേറെയുമുണ്ട്. അപ്പോൾ റാങ്കു ഞാൻ ആർക്കു കൊടുക്കണം?" ആ സ്ത്രീക്ക് ഉത്തരം മുട്ടി. "ദൈവത്തിന്റെ ഇഷ്ടം പോലെ നടക്കട്ടെ..." അതുതന്നെയാണു നടക്കുന്നത് എന്നു പറഞ്ഞുകൊണ്ട് ദൈവം അപ്രത്യക്ഷനായി. ദൈവത്തിന്റെ വാക്കനുസരിച്ചു വലയിറക്കുക; നിങ്ങൾക്കു കിട്ടും.



# കാർമേഘമാകാൻ ഞാനില്ല

**ഷിനി തെരേസ് മുതുപ്ലാക്കൽ**

"സ്കിറ്റിന്റെ ആദ്യഭാഗം റെഡിയായി. അവതരിപ്പിക്കാൻ പറ്റ്വോന്ന് അറിയില്ലാത്തതുകൊണ്ട് ബാക്കി എഴുതിയില്ല".

"അതെന്താ?"

"കാർമേഘത്തിന്റെ റോൾ ആർക്കും വേണ്ട. കാർമേഘമാകാൻ ആർക്കും ഇഷ്ടമില്ലന്നേ".

"എന്താ കാർമേഘത്തിന്റെ റോൾ?"

"ഞാൻ എഴുതിയിടത്തോളം വായിക്കാം. അപ്പോ പിടികിട്ടും. വായിക്കട്ടെ..."

"ഊം..."

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

സൂര്യൻ രംഗത്തുനിന്നു മറയാൻ തുടങ്ങുന്നു. അങ്ങുമിങ്ങും ചുറ്റും നോക്കിക്കൊണ്ട് സൂര്യൻ ഉറക്കെ ചോദിക്കുന്നു... "ഇവിടാരുമില്ലേ...? ഇവിടെങ്ങുമാരുമില്ലേ...? ഞാനിതാ അസ്തമിക്കാൻ പോകുന്നു. പകൽ മുഴുവൻ ഭൂമിക്കു പ്രകാശമേകി ഞാൻ കത്തിജ്ജ്വലിച്ചു. എന്റെ കടമ ഞാൻ നിറവേറ്റി. എനിക്കു പോകാൻ സമയമായി. ഭൂമിക്കു പ്രകാശമേകാൻ, എന്റെ ജോലി ഏറ്റെടുക്കാൻ, ഇവിടാരുമില്ലേ...?"

ചന്ദ്രൻ കടന്നുവരുന്നു... "ഞാനുണ്ട്. നിന്റെ ജോലി ഏറ്റെടുക്കാൻ ഞാനുണ്ടിവിടെ. നിന്നോളം പ്രകാശമേകാൻ എനിക്കാവില്ല. എങ്കിലും എന്റെ പരമാവധിയിൽ ഞാനത് ചെയ്യും. നിന്നിൽനിന്നും

എനിക്കു ലഭിച്ച പ്രകാശം ഇനിയുള്ള മണിക്കൂറുകൾ മറ്റുള്ളവർക്കു ഞാൻ കൊടുക്കും".

പിന്നാലെ നക്ഷത്രങ്ങൾ കടന്നുവരുന്നു... "ഞങ്ങളുമുണ്ട് നിന്റെകൂടെ. നിന്നോളം വലിപ്പമില്ലെങ്കിലും ആയിരിക്കുന്നിടത്തുനിന്ന് ആവുന്നത്ര ജ്വലിക്കാൻ ഞങ്ങളും ശ്രമിക്കാം".

സൂര്യൻ സന്തോഷത്തോടെ രംഗത്തുനിന്നു മറയുന്നു. ചന്ദ്രനും നക്ഷത്രങ്ങളും സ്വസ്ഥാനങ്ങളിൽ അണിനിരക്കുന്നു. രംഗത്ത് മങ്ങിയ വെട്ടം... അപ്പോൾ പുച്ഛഭാവത്തോടെ കാർമേഘം കടന്നുവരുന്നു. എല്ലാവരെയും ആട്ടിപ്പായിക്കാൻ ശ്രമിച്ചുകൊണ്ട് കാർമേഘം പറഞ്ഞു: "എല്ലാവരും അണിനിരന്നുവോ? പക്ഷേ എന്തു പ്രയോജനം...! ഞാനിതാ ഇപ്പോൾ നിങ്ങളെല്ലാവരെയും ഭൂമിയിൽനിന്നും മറയ്ക്കാൻ പോവുകയാണ്. ഇനിയിവിടെനിന്ന് ജ്വലിച്ചിട്ട് ഒരു പ്രയോജനവുമില്ല. പോകുവിൻ... ഇവിടെനിന്നും കടന്നുപോകുവിൻ..." രംഗത്ത് പൂർണ്ണമായും ഇരുൾ നിറയുന്നു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

"ഇത്രേ എഴുതിയുള്ളു. അപ്പോഴാണ് കാർമേഘത്തിന്റെ റോൾ ഒരു പ്രശ്നമായത്".

"നിങ്ങളുടെ മനസ്സിൽ നന്മയുള്ളതുകൊണ്ടാ മറ്റുള്ളവരുടെ നന്മകൾ മറയ്ക്കുന്ന കാർമേഘമാകാൻ ആർക്കും ഇഷ്ടം തോന്നാത്തത്. സാരമില്ല. എല്ലാവരിലും, അതുപോലെ എല്ലാ സാഹചര്യങ്ങളിലും നന്മയുടെ കണങ്ങൾ കണ്ടെത്താൻ ശ്രമിച്ചാൽ ഈ പ്രശ്നം തീരും. നമ്മുടെ ജീവിതത്തിലും അങ്ങനെതന്നെയാ. നമുക്ക് ബാക്കികൂടി എഴുതിയാലോ...?"

"വേണം... വേണം...". എല്ലാവർക്കും ഉത്സാഹമായി.

"എങ്കിൽ ഇനി ആദ്യം സൂര്യൻ കയറിവരട്ടെ. സൂര്യൻ കയറിയിട്ട് ഇങ്ങനെ പറയണം... 'ഞാൻ നിങ്ങൾക്കു മുമ്പിൽ പ്രത്യക്ഷപ്പെടുമ്പോഴൊക്കെ എനിക്കുള്ളതു മുഴുവൻ - എന്റെ ചൂടും വെളിച്ചവുമെല്ലാം നിങ്ങൾക്കുവേണ്ടി നല്കുന്നു. ഒന്നും എനിക്കായി ഞാൻ മാറ്റിവയ്ക്കുന്നില്ല. എന്തെല്ലാം നന്മകളാണ് ഞാൻ നിങ്ങൾക്കു ചെയ്യുതെന്ന് അറിയാമോ? ഞാനില്ലാതെ നിങ്ങൾക്കു ജീവിക്കാനാവില്ല. എന്നിൽനിന്നും പുറപ്പെടുന്ന ഊർജ്ജമാണ് ഭൂമിയെ ഫലഭൂയിഷ്ഠമാക്കുന്നത്. എന്നെ കാണുമ്പോഴൊക്കെ നീതിസൂര്യനായ ദൈവത്തെ നിങ്ങൾ ഓർക്കണം. ദൈവത്തെ കൂടാതെ നിങ്ങൾക്കു ജീവിക്കാനാവില്ല'.

അതിനുശേഷം ചന്ദ്രനും നക്ഷത്രങ്ങളും കയറിവരണം. എല്ലാവരുടെയും പ്രതിനിധിയായി ഒരാൾ ഇങ്ങനെ പറയണം... "സൂര്യനിൽനിന്നും സ്വീകരിക്കുന്ന വെളിച്ചമാണ് ഞങ്ങൾ പ്രതിഫലിപ്പിക്കുന്നത്. അതുപോലെ ദൈവോന്മുഖരായി ജീവിച്ചുകൊണ്ട് ദൈവത്തിന്റെ സ്നേഹവും അവിടുത്തെ നന്മകളും സ്വീകരിച്ച്, മറ്റുള്ളവർക്ക് ആ സ്നേഹവും നന്മകളും നാം പ്രദാനം ചെയ്യണം".

ഇതു ശ്ലീഹാക്കാലമാണല്ലോ. അതുകൊണ്ട് വേണമെങ്കിൽ വേറൊരാൾക്കു കയറിവന്ന് ഇങ്ങനെ പറയാം: "സൂര്യൻ മറഞ്ഞുകഴിയുമ്പോൾ വെളിച്ചമാകുന്നവരും വെളിച്ചമേകുന്നവരുമാണ് ഞങ്ങൾ. നീതിസൂര്യനായ മിശിഹായുടെ സ്വർഗാരോഹണത്തിനുശേഷം ഈ ഭൂമിയിൽ അവിടുത്തെ ശാരീരികസാന്നിദ്ധ്യം അവസാനിച്ചപ്പോൾ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ലോകമെങ്ങും ദൈവത്തെ കൊടുത്ത ശ്ലീഹന്മാരെയും അവരുടെ പിൻഗാമികളെയും ഓർക്കാൻ ഞങ്ങളുടെ സാന്നിദ്ധ്യം നിങ്ങൾക്കു പ്രചോദനമേകുമോ...?"

അടുത്തത് കാർമേഘം വരട്ടെ. കാർമേഘത്തെ നമുക്ക് തള്ളിക്കളയാൻ പറ്റില്ല. കാരണം കാർമേഘമാണ് നമുക്ക് മഴ തരുന്നത്. നമുക്ക് ആവശ്യത്തിന് മഴ ലഭിക്കാതിരുന്നാൽ അത് എന്തൊരു അവസ്ഥയായിരിക്കും? ഈ ഭൂമി വരണ്ടുണങ്ങും. മനുഷ്യർ മാത്രമല്ല മറ്റു ജന്തുക്കളും സസ്യലതാദികളുമൊക്കെ വെള്ളമില്ലാതെ കേഴും. പല ഊർജ്ജസ്രോതസ്സുകളും ഇല്ലാതാകും. അവസാനം ഭൂമി വാസയോഗ്യമല്ലാതായിത്തീരും.

കാർമേഘങ്ങൾ പലതും നമ്മെ പഠിപ്പിക്കുന്നുണ്ട്. ആകാശം മേഘാവൃതമാകുമ്പോൾ സൂര്യചന്ദ്രനക്ഷത്രാദികളൊക്കെ കാണാമറയത്താകും എന്നത് ശരിയാ. പക്ഷേ അവയുടെ അസ്തിത്വം ഇല്ലാതാകുന്നില്ല. നമുക്ക് അവയെ കാണാൻ പറ്റില്ലെന്നു മാത്രം. നാം ഒറ്റയ്ക്കാണെന്നും നമ്മെ മനസ്സിലാക്കാനും സ്നേഹിക്കാനും സഹായിക്കാനുമൊന്നും ആരുമില്ലെന്നുമൊക്കെ ചിലപ്പോൾ നമുക്കു തോന്നാറില്ലേ....? മനസ്സ് മേഘാവൃതമാകുമ്പോഴാണ് അതുപോലുള്ള അനുഭവങ്ങളുണ്ടാകുന്നത്. പക്ഷേ ദൈവം എപ്പോഴും നമ്മോടൊത്തുണ്ട്. നമ്മെ സഹായിക്കാനായി അവിടുന്ന് പലരിലൂടെയും കടന്നുവരികതന്നെ ചെയ്യും.

കാർമേഘങ്ങളെ നമ്മുടെ പലതരത്തിലുള്ള ജീവിതദുഃഖങ്ങളോടും സഹനങ്ങളോടും ഉപമിക്കാം. സഹനവേളകളിൽ ഒരുപക്ഷേ നമുക്ക് അവയെ ശരിയായവിധം ഉൾക്കൊള്ളാൻ സാധിച്ചെന്നുവരില്ല. എന്നാൽ ഒന്നോർക്കണം. കാർമേഘങ്ങൾ പെയ്തൊഴിയും. അന്തരീക്ഷം വീണ്ടും പ്രശാന്തമാകും. പെയ്തൊഴിയുന്ന മേഘങ്ങൾ ഭൂമിയെ നനവുള്ളതും മാർദ്ദവവുമാക്കുന്നതുപോലെ ചില വേദനകൾ മുന്നോട്ടുള്ള ജീവിതത്തിന് നമുക്കാവശ്യമാണ്. സങ്കടപ്പെയ്ത്ത് സന്തോഷകൊയ്ത്തിനു വഴിതെളിക്കും.

വേറൊരു കാര്യം മറക്കരുത്. കാർമേഘങ്ങൾ മറയ്ക്കുന്നു എന്ന കാരണത്താൽ സൂര്യചന്ദ്രനക്ഷത്രാദികൾ തങ്ങളുടെ കടമ മറക്കുന്നില്ല. അവ ആയിരിക്കുന്നിടത്തുനിന്ന് അവയുടെ പരമാവധിയിൽ ജ്വലിക്കുകയാണ്. നാമും ഇങ്ങനെയാവണം. മറ്റുള്ളവരുടെ ശ്രദ്ധയും പരിഗണനയും പ്രോത്സാഹനവും നന്ദിയും ലഭിക്കുന്നില്ലെങ്കിലും, ആരും നമ്മുടെ പ്രവർത്തനങ്ങളെ വിലമതിക്കുന്നില്ലെങ്കിലും, നാം ആയിരിക്കുന്നിടത്ത് പൂർണതയിൽ നല്കുക.

ഇപ്പോൾ കുറേ കാര്യങ്ങൾ പറഞ്ഞില്ലേ... ഇതെല്ലാം വച്ച് നിങ്ങൾ സ്കിറ്റിന്റെ സ്ക്രിപ്റ്റ് പൂർത്തിയാക്കി കൊണ്ടുവരണം. എന്നിട്ട് ഒന്നിച്ചിരുന്ന് ബാക്കി ചെയ്യാം. ചെല്ല്..."

*"നമ്മുടെ ആത്മാവിന്റെ പ്രശാന്തനായ അതിഥി" എന്ന് പരിശുദ്ധാത്മാവിനെ വിശുദ്ധ ആഗസ്തീനോസ് വിളിക്കുന്നു. അവിടുത്തെ സാന്നിദ്ധ്യം ആഗ്രഹിക്കുന്ന ആരും നിശബ്ദത പാലിക്കണം. പലപ്പോഴും ഈ ദിവ്യാതിഥി നമ്മിലും നമ്മോടും വളരെ മൃദുലമായി സംസാരിക്കുന്നു.*

(YOUCAT 120)

# സെനക്കിൾ തരംഗം

## സെനക്കിൾ തരംഗം

### സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിൽ ശ്ലീഹാക്കാലം ആരംഭിക്കുകയാണല്ലോ. പത്രോസിന്റെ നേതൃത്വത്തിൽ ശ്ലീഹന്മാർ തങ്ങളുടെ സുവിശേഷപ്രഘോഷണം ആരംഭിച്ചത് പന്തക്കുസ്താനുഭവത്തെ തുടർന്നാണ് (ശ്ലീഹ 2,14 മുതൽ). പത്രോസിന്റെ സുവിശേഷപ്രഘോഷണത്തിന് ക്രിയാത്മകമായ പ്രത്യുത്തരം കൊടുക്കുന്നവരുടെ സമൂഹമായിട്ടാണ് സഭ ഭൂമുഖത്തു പിറന്നുവീഴുന്നത് (ശ്ലീഹ 2,41-42). അപ്രകാരം സുവിശേഷം ജീവിച്ച് പ്രഘോഷിക്കുന്നവരുടെ സമൂഹമായിട്ടാണ് സഭ ജന്മംകൊള്ളുന്നതും വളരുന്നതും. സുവിശേഷപ്രഘോഷണശേഷിയുള്ള ഒരു സമൂഹമായി സഭയെ കെട്ടിപ്പടുക്കുക എന്നതാണ് നമ്മുടെ പുരോഹിതശുശ്രൂഷയുടെ ലക്ഷ്യവും. പുതിയനിയമ പൗരോഹിത്യത്തെപ്പറ്റി പൗലോസ്ശ്ലീഹാ പറയുന്നതിപ്രകാരമാണ്: "വിജാതീയരാകുന്ന ബലിവസ്തു സ്വീകാര്യവും പരിശുദ്ധാത്മാവിനാൽ പവിത്രീകൃതവും ആകാൻവേണ്ടി ഞാൻ ദൈവത്തിന്റെ സുവിശേഷത്തിനു പുരോഹിതശുശ്രൂഷ ചെയ്യുന്നു" (റോമാ 15,16). അതുകൊണ്ടു നമുക്കും സുവിശേഷപ്രഘോഷണശേഷിയുള്ള സമൂഹമായി സഭയെ കെട്ടിപ്പടുക്കത്തക്കവിധം, സുവിശേഷകേന്ദ്രീകൃതമായി നമ്മുടെ പുരോഹിതശുശ്രൂഷ നിർവഹിക്കാം. എല്ലാവർക്കും പന്തക്കുസ്താ തിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

### വാർത്തകൾ

അമേരിക്കയിൽ ചിക്കാഗോ സീറോ മലബാർ രൂപതയിലെ 5 ബഹു. വൈദികർ അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്നേഹിതരായിത്തീരുവാൻ തീരുമാനിച്ചു. അവർക്കു നേതൃത്വം നല്കുവാൻ വികാരി ജനറാൾ ബഹു. അഗസ്റ്റിൻ പാലക്കാപറമ്പിലച്ചനെ കോ ഓർഡിനേറ്ററായി അഭിവന്ദ്യ ജേക്കബ് അങ്ങാടിയത്ത് പിതാവ് നിയമിച്ചിരിക്കുന്നു. കാനഡായിലുള്ള സീറോ മലബാർ എക്സാർക്കേറ്റിൽ ബഹു. റ്റോബി പുലിക്കശ്ശേരിയച്ചൻ അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്നേഹിതനായിത്തീരുകയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ അവിടുത്തെ കോ ഓർഡിനേറ്ററായി അഭിവന്ദ്യ ജോസ് കല്ലുവേലി പിതാവിനാൽ നിയമിതനാകുകയും ചെയ്തിരിക്കുന്നു. ഈ മാസം 23-ാം തീയതി മല്പാൻ ബഹു. മാത്യു വെള്ളാനിക്കലച്ചൻ ജനറൽ കൗൺസിൽ മീറ്റിംഗിൽ സംബന്ധിക്കാൻ റോമിലേക്കു പോകും. ജൂൺ 7-ാം തീയതി നാട്ടിൽ തിരിച്ചെത്തും.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# ഞാൻ മടുത്തു ഇതു കേട്ടു കേട്ട്...

**നിഖിത മങ്ങാട്ട്**

പടിയിറങ്ങുന്ന കാലമാണിത്... കേൾക്കാനിഷ്ടമില്ലാത്തവയിൽ നിന്ന് ഓടിയൊളിക്കുന്ന കാലം... സമ്പന്ന കുടുബങ്ങളിലെ രണ്ടു പെൺകുട്ടികൾ... കൂട്ടുകാരാണ്. 10-ാം ക്ലാസിൽ പഠിക്കുന്നവർ. രണ്ടാളും റെയിൽവേ സ്റ്റേഷനിലൂടെ കറങ്ങി നടന്നതിനാൽ റെയിൽവേ പോലീസ് പൊക്കി. കാര്യം തിരക്കിയപ്പോൾ മാതാപിതാക്കളുടെ ഉപദേശവും തിരുത്തലുകളും കേട്ടു മടുത്ത് ഓടി രക്ഷപ്പെട്ടതാണെന്നു വെളിപ്പെടുത്തി.

സുഭാഷിതങ്ങളുടെ പുസ്തകം 13,13 ൽ പറയുന്നു: "ഉപദേശം നിന്ദിക്കുന്നവൻ തനിക്കു തന്നെ നാശം വരുത്തി വയ്ക്കുന്നു". യു. കെ. ജി. യിൽ പഠിക്കുന്ന ഒരു പെൺകുഞ്ഞ് കഴിഞ്ഞ ദിവസം വളരെ ഗൗരവത്തോടെ സംസാരിക്കുകയാണ്. അവൾക്കു സ്വന്തം അമ്മയുടെ കൂടെ നില്ക്കണ്ട... വല്യമ്മ വളർത്തിയാൽ മതി. കാരണം മറ്റൊന്നുമല്ല... വല്യമ്മ അടിക്കില്ല, തിരുത്തില്ല, വഴക്കു പറയില്ല... ലാളിക്കുക മാത്രം. സ്വന്തം അമ്മയാണെങ്കിലോ രാവിലെ എണീറ്റില്ലെങ്കിൽ അടി, പ്രാർത്ഥിച്ചില്ലെങ്കിൽ വഴക്ക്, ഹോം വർക്കു ചെയ്തില്ലെങ്കിൽ ചൂരൽ പ്രയോഗം... ഇതുകൊണ്ടൊന്നും തീരുന്നില്ല... അതു ചെയ്യരുത്, ഇങ്ങനെ ചെയ്യരുത് തുടങ്ങിയ നിർദ്ദേശങ്ങളും എന്തു ചെയ്താലും ശിക്ഷണവും... ഈ കുഞ്ഞിന് അമ്മയുടെ സ്നേഹം അനുഭവിക്കാനാവുന്നില്ല. അറ്റ കൈ എന്നോണം അവൾ പറയുകയാണ് ഞാൻ മടുത്തു ഇതു കേട്ടു കേട്ട്...

പ്രഭാ 30,8: "മെരുക്കാത്ത കുതിര ദുശ്ശാഠ്യം കാണിക്കുന്നു; ശിക്ഷണം ലഭിക്കാത്ത പുത്രൻ തന്നിഷ്ടക്കാരനാകും".

സുഭാ 20,30: "മുറിപ്പെടുത്തുന്ന താഡനങ്ങൾ ദുശീലങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നു. കനത്ത അടി മനസ്സിന്റെ ഉള്ളറകളെ ശുചിയാക്കുന്നു".

സുഭാ 12,1: "ശിക്ഷണം ഇഷ്ടപ്പെടുന്നവൻ വിജ്ഞാനത്തെ തന്നെയാണ് സ്നേഹിക്കുന്നത്. ശാസനം വെറുക്കുന്നവൻ മൂഢനത്രേ."

# പ്രഘോഷിക്കാം ജീവിതത്തിലൂടെ

മേരിക്കുട്ടി കുരിശുംമൂട്ടിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

"അവൻ അവരോടു പറഞ്ഞു നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (ലൂക്കാ 16,15).

"ഹൃദയം നിറയും ദൈവികമാം
നവചൈതന്യമിയന്നവരായ്
അവരീധരണിയിലുടനീളം
സുവിശേഷത്തിനു സാക്ഷികളായ്" (ശ്ലീഹാക്കാലം, ഞായർ-റംശാ)

പുതിയൊരു സ്ഥലത്തേക്കു മാറ്റം കിട്ടിയപ്പോൾ ഇടവകയിലെ കുടുംബങ്ങളെ പരിചയപ്പെടാൻ ഇറങ്ങിയതാണ്. രണ്ടുമൂന്നു കുടുംബങ്ങൾ കയറിയിറങ്ങി. അടുത്ത കുടുംബത്തിന്റെ വാതിൽക്കൽ ചെന്നു. അവിടെ ഒരു യാചകൻ നിൽപ്പുണ്ട്. യാതൊരു വിധത്തിലും അകത്തു പ്രവേശിക്കാൻ സാധിക്കാത്തവിധം ഉയർന്ന മതിലും, ബലവത്തായ ഗേറ്റും, ഉള്ളിൽ മനോഹ



രമായ മൂന്നു നിലക്കെട്ടിടം. ആരുടെയൊക്കെയോ ശബ്ദം കേൾക്കാം. പക്ഷേ പുറത്തു നിന്നുള്ള വിളികൾ ഒന്നും ഉള്ളിലേക്കെത്തുന്നില്ല. 'പട്ടിയുണ്ട് സൂക്ഷിക്കുക' എന്ന ബോർഡും കാണാം. "അമ്മാ, എന്തെങ്കിലും തരണേ" എന്ന നിലവിളിയുടെ ശബ്ദം പതുക്കെ ഇല്ലാതായി. അവസാനം അയാൾ സ്വയം മന്ത്രിച്ചു. 'ദൈവമേ, മരണമില്ലായിരുന്നെങ്കിൽ ഇതൊക്കെ നല്ലതായിരുന്നു'. ആ യാചകന്റെ മന്ത്രണം എന്നെ ഭോഷനായ ധനികന്റെ ഉപമയിലേക്കെത്തിച്ചു (ലൂക്കാ 12,13-21). ദൈവസന്നിധിയിൽ സമ്പന്നനാകാതെ തനിക്കു വേണ്ടി സമ്പത്തു ശേഖരിച്ചു വയ്ക്കുന്നവന്റെ അവസ്ഥ...

മറ്റൊരു ഭവനത്തിലേക്കു ഞങ്ങൾ കടന്നുചെന്നു. അപ്പനും അമ്മയും മക്കളും അടങ്ങുന്ന ഒരു കുടുംബം. അമ്മ വിളിച്ചു പറഞ്ഞു: "മക്കളേ ദേ നമ്മുടെ പുതിയ സിസ്റ്റേഴ്സ് നിങ്ങളെ കാണാൻ വന്നിരിക്കുന്നു". 4 പേരും ഓടിവന്ന് സ്തുതിചൊല്ലി. ഞങ്ങളെ സ്വീകരിച്ചിരുത്താൻ അമ്മ തുനിഞ്ഞപ്പോഴേക്കും 8 വയസുള്ള മൂത്ത മകൻ ഞങ്ങളുടെ കൈക്കു പിടിച്ച് 'സിസ്റ്റർമാരെ ഞങ്ങളുടെ വീടൊക്കെ കാണിക്കാം' എന്നുപറഞ്ഞ് അകത്തേക്കുകൊണ്ടുപോയി. 'ഇതാണ് ഞങ്ങളുടെ ബഡ്റൂം'. തിരുവചനങ്ങളാൽ നിറയപ്പെട്ട ഭിത്തിയിലാണ് കണ്ണുടക്കിയത്. അവരോടു ചോദിച്ചു, "ആരാ ഇതൊക്കെ എഴുതി തൂക്കിയത്?" "ഇതു ഞങ്ങളുടെ പപ്പാ പറഞ്ഞിട്ടു മമ്മി തൂക്കിയതാ. പിന്നെ ഇതിലെ പടങ്ങളൊക്കെ ഞാനും അവനും കൂടി വരച്ചതാ". അമ്മ ഇടയ്ക്കു കയറി പറഞ്ഞു: "ഞങ്ങളും മക്കളും ഉണരുമ്പോഴെ ദൈവത്തിന്റെ വചനങ്ങൾ കണ്ട്, വായിച്ച്, വചനത്താൽ വിശുദ്ധീകരിക്കപ്പെട്ടവരായി ഓരോ ദിവസവും ആരംഭിക്കണമെന്ന് പപ്പായ്ക്ക് നിർബന്ധമാ".

ആ കുടുംബം ആ പ്രവൃത്തിയിലൂടെ ഞങ്ങളോടു സുവിശേഷം പ്രസംഗിക്കുകയായിരുന്നു... "ഞാനിന്നു കല്പിക്കുന്ന ഈ വചനങ്ങൾ നിങ്ങളുടെ ഹൃദയത്തിലുണ്ടായിരിക്കണം. ജാഗരൂകതയോടെ അവ നിങ്ങളുടെ മക്കളെ പഠിപ്പിക്കണം. വീട്ടിലായിരിക്കുമ്പോഴും യാത്ര ചെയ്യുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെപ്പറ്റി സംസാരിക്കണം. അവ കയ്യിൽ ഒരടയാളമായും നെറ്റിത്തടത്തിൽ പട്ടമായും അണിയണം. അവ നിങ്ങളുടെ വീടിന്റെ കട്ടിളക്കാലിന്മേലും പടിവാതിലിന്മേലും എഴുതണം" (നിയ 6,4-9).

മറ്റൊരു കുടുംബം. കോളിങ്ങ് ബല്ല് അടിച്ചപ്പോൾ ഒരാളിറങ്ങി വന്ന് ഞങ്ങളെ സ്വീകരിച്ചിരുത്തി. "ചേട്ടൻ തനിയേ ഉള്ളോ?" "അല്ല. ഭാര്യ അകത്തുണ്ട്. വിവാഹം കഴിഞ്ഞിട്ട് 35 വർഷമായി. ഞങ്ങൾക്കു മക്കളില്ല". വരൂ, ഭാര്യയെ കാണണ്ടേ?" വളരെ പ്രസന്നതയുള്ള മുഖത്തോടെ അദ്ദേഹം ഞങ്ങളെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. കാലും കൈയ്യുംപോലും അനക്കാൻ കഴിയാതെ നിശ്ചലമായി കിടക്കുന്ന ഒരു ആൾരൂപം. പക്ഷേ ആ മുഖത്ത് ഒരു വലിയ ദൈവികപ്രകാശമുണ്ട്. ഒരു നല്ല പുഞ്ചിരി സമ്മാനിച്ചിട്ട് ഞങ്ങളെ ഒന്നു നോക്കി. ഭർത്താവ് തന്റെ ജീവിതകഥ വിവരിച്ചു. "ഞങ്ങൾ എന്ന് ഒരുമിച്ചു ജീവിക്കാൻ തുടങ്ങിയോ അന്നു തുടങ്ങിയ സന്തോഷം ഇന്നും ഞങ്ങൾക്കുണ്ട്. വിവാഹം കഴിഞ്ഞു മൂന്നു വർഷം കഴിഞ്ഞപ്പോൾ ഇവൾ രോഗിണിയായി. അന്നു മുതൽ ഞാനെങ്ങോട്ടും പോയിട്ടില്ല. ഇവളെയും ശുശ്രൂഷിച്ച് ഞങ്ങൾ ഒരുമിച്ചു ജീവിക്കുന്നു".

"ഭർത്താക്കന്മാരേ, മിശിഹാ സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം" (എഫേ 5,25) എന്ന തിരുവചനം ആ ഭർത്താവ് തന്റെ ജീവിതത്തിലൂടെ പ്രഘോഷിക്കുകയായി

രുന്നു. ഞങ്ങൾ ആ കുടുംബത്തിനുവേണ്ടി പ്രാർത്ഥിച്ചശേഷം ഇറങ്ങി.

ഭവനസന്ദർശനം ഇനി അടുത്തദിവസം തുടരാം എന്നുകരുതി തിരിച്ചു പോകാൻ തുടങ്ങിയപ്പോൾ ഒരമ്മ കൈകൊട്ടി വിളിച്ചു.

"മക്കളേ, എന്റെ വീട് ഉപേക്ഷിച്ചോ? അതു പറ്റില്ല. ഇതിലേക്കൂടി വാ". അമ്മ വിളിച്ചതുകൊണ്ട് അവിടെയുംകൂടി കയറി. വിശേഷങ്ങളൊക്കെ തിരക്കി.

"അമ്മ തനിച്ചേയുള്ളോ?"

"ഇല്ല മക്കളേ... എന്റെ മോനുണ്ട്. അവൻ പള്ളിയിൽ അച്ചനെ കാണാൻ പോയിരിക്കുവാ. അടുത്തയാഴ്ച അവന്റെ വിവാഹമാ. 32 വയസുണ്ട്. ഇപ്പോഴാ കല്യാണം ശരിയായത്".

"അതെന്താ ഇത്രയും താമസിച്ചത്?"

"എന്റെ മക്കളേ, അതൊരു വലിയ ചരിത്രമാ. ആകെ 6 മക്കളാണെനിക്ക്. 5 പേരും വിവാഹം ചെയ്ത് ഓരോരോ സ്ഥലങ്ങളിലാ. ഇപ്പോൾ കൂടെയുള്ളതു ഇളയമകനാ. അവന് 3 വയസുള്ളപ്പോൾ ഭർത്താവു മരിച്ചു. 14 വയസുള്ളപ്പോൾ അവൻ പഠനം നിർത്തി. കൂട്ടുകാരുടെകൂടെ മദ്യപാനവും മറ്റെല്ലാ കൂട്ടുകെട്ടുകളും തുടങ്ങി. വീട്ടിൽ വന്നാൽ ഇവിടുള്ള സകലതും നശിപ്പിക്കും. എന്റെ മക്കളേ, ഞാൻ മടുത്തു. പല ധ്യാനങ്ങൾ കൂടാൻ വിട്ടു. ഒരു മാറ്റവും ഇല്ല.

അവസാനം ഞാനൊരു തീരുമാനമെടുത്തു. ഒരു ദിവസം ഞാൻ ദൈവത്തോടു പറഞ്ഞു... എന്റെ കർത്താവേ, ഈ രാത്രി മുഴുവനും ഞാൻ പ്രാർത്ഥിക്കുവാൻ പോവുകയാണ്. എന്റെ മകന്റെ മദ്യപാനമൊക്കെ മാറ്റി അവനൊരു മാനസാന്തരം ഉണ്ടാക്കണം. എനിക്കിതു കിട്ടാതെ ഞാൻ സമ്മതിക്കില്ല. ഞാൻ കൈവിരിച്ചു പിടിച്ചു പ്രാർത്ഥിക്കുവൻ തുടങ്ങി. ആ രാത്രി ഞാനുറങ്ങിയില്ല...

പ്രാർത്ഥിച്ചുപ്രാർത്ഥിച്ചു നേരം വെളുക്കാറായി. എന്നും വരുമ്പോഴേ കൂവിവിളിച്ചു ബഹളമുണ്ടാക്കുന്ന എന്റെ മകൻ വന്നത് ഞാനറിഞ്ഞില്ല. ഞാൻ നോക്കുമ്പോൾ എന്റെ പിറകിൽ ശാന്തമായി അവൻ കിടന്നുറങ്ങുന്നു! ഞാൻ വിളിച്ചപ്പോൾ ഒന്നും മിണ്ടാതെ എഴുന്നേറ്റ് അവൻ കട്ടിലിൽ പോയിക്കിടന്നു.

രണ്ടു ദിവസത്തേക്ക് എങ്ങും പോയില്ല. മൂന്നാം ദിവസം അവൻ പറഞ്ഞു... അമ്മേ എനിക്ക് എവിടെയെങ്കിലും ഒരു ജോലി ശരിയാക്കിത്തരണം. അങ്ങനെ ഇതൊരു വീടായിട്ട് 3 വർഷമേ ആയിട്ടുള്ളു. എന്റെ മകൻ ജോലി ചെയ്തുണ്ടാക്കിയതാണ് ഈ വീടും ഇതിലെ എല്ലാ കാര്യങ്ങളും. പിന്നീടൊരിക്കലും അവൻ മദ്യപിച്ചിട്ടില്ല. ദിവസവും ഞങ്ങൾ ഒരുമിച്ചു പ്രാർത്ഥിക്കും, ഒന്നിച്ചു ഭക്ഷണം കഴിക്കും. അങ്ങനെ സന്തോഷമായി കഴിയുന്നു. അടുത്തയാഴ്ച അവന്റെ വിവാഹമാ. സിസ്റ്റർമാർ പ്രാർത്ഥിക്കണം. സിസ്റ്ററേ... വിളിച്ചാൽ വിളികേൾക്കുന്ന ദൈവം എന്റെകൂടെ ഇന്നും ഉണ്ട്". ആ അമ്മയും ഞങ്ങളോടു പ്രഘോഷിച്ചു... "ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും" (മത്താ 7,7).

അതെ നാം കണ്ടുമുട്ടുന്ന ഓരോ സഹോദരങ്ങളിലൂടെയും ദൈവം നമ്മോടു സംസാരിക്കുന്നു. ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്ന തിരുവചനം ഈ ശ്ലീഹാക്കാലത്തിൽ നമ്മുടെ കുടുംബത്തിലും സമൂഹത്തിലും ജീവിതസാഹചര്യങ്ങളിലുമൊക്കെ അനുവർത്തിക്കാനും അവരിൽനിന്നും വചനം സ്വീകരിക്കാനും നമുക്ക് കഴിയട്ടെ.

# ദൗത്യബോധം



**ഷീലമ്മ പൂതക്കുഴി**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

"ഈശോ അവരെ സമീപിച്ച്, അരുളിച്ചെയ്തു: സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കൽപ്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും" (മത്താ 28,18-20). ഉത്ഥാനാനന്തരം തന്റെ ശിഷ്യർക്ക് പ്രത്യക്ഷനായി അവർക്കു പ്രേഷിതദൗത്യം നൽകി, സുവിശേഷവുമായി ലോകമെങ്ങും പോകുവാൻ ഈശോ ആഹ്വാനം ചെയ്യുന്നു. പന്തക്കുസ്തായിൽ അരൂപിയെ സ്വീകരിച്ച് ശക്തരായിത്തീർന്ന ശിഷ്യസമൂഹം, സന്തോഷത്തോടെ ഈശോയുടെ ദൗത്യം ഏറ്റെടുക്കുന്നു. ധീരതയോടെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാനായി, ലോകമെങ്ങും അവർ പോവുകയാണ്. രക്തസാക്ഷിത്വമകുടം ചൂടിയും ജീവിതസാക്ഷ്യം വഴിയായും ശിഷ്യന്മാർ ഈശോയ്ക്കു സാക്ഷികളായി വർത്തിക്കുന്നു. തീനാവുകളുടെ രൂപത്തിൽ അവരിൽ ആവസിച്ച പരിശുദ്ധാത്മാവാണ് ധീരമായ ഈ സാക്ഷ്യത്തിന് അവരെ പ്രേരിപ്പിച്ചത്.

മാമ്മോദീസായിലൂടെ സഭാഗാത്രത്തിലെ അംഗങ്ങളായിത്തീർന്ന നമ്മളോരോരുത്തരും സ്ഥൈര്യലേപനത്തിലൂടെ, അരൂപിയാൽ അഭിഷേകം ചെയ്യപ്പെട്ട് ശക്തിധരിച്ചവരാണ്. ക്രിസ്തീയമായ ഒരു ജീവിതസാക്ഷ്യം കൊടുക്കുവാൻ നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു. ശിഷ്യന്മാരെപ്പോലെ നാമും പ്രേഷിതദൗത്യവാഹകരാണ്. നാമായിരിക്കുന്ന ജീവിതസാഹചര്യത്തിൽ, എന്റെ ജീവിതത്തിലൂടെ ഈശോയെക്കൊടുക്കുവാൻ ഞാനും വിളിക്കപ്പെട്ടിരിക്കുന്നു, എന്ന ബോധ്യം നമുക്കുണ്ടാകണം. എന്റെ കുടുംബത്തിൽ ഒരു കുടുംബനാഥനെന്ന നിലയിൽ, കുടുംബനാഥയെന്ന നിലയിൽ, ക്രിസ്തീയമായ സാക്ഷ്യമാണോ ഞാൻ കൊടുക്കുന്നത്?

കുടുംബപ്രാർത്ഥനകളിൽ, അയൽക്കാരോടുള്ള ബന്ധത്തിൽ, മക്കളോടുള്ള ബന്ധത്തിൽ എല്ലാമെല്ലാം എപ്രകാരമുള്ള ഒരു സാക്ഷ്യമാണ് ഞാൻ നൽകുന്നത്? എന്റെ ജോലി സാഹചര്യങ്ങളിൽ, ഞാനിടപെടുന്ന മേഖലകളിൽ, എന്റെ ഇടവകയിൽ, എന്റെ ഓരോ പ്രവർത്തന മണ്ഡലങ്ങളിലും എന്റെ ജീവിതം എപ്രകാരമാണ്? "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" എന്ന് ഈശോ സാക്ഷ്യപ്പെടുത്തുന്നു. എന്നെ കാണുന്നവൻ എന്നിൽ വസിക്കുന്ന ദൈവത്തെ കാണുവാൻ, തിരിച്ചറിയുവാൻ ഞാൻ ഇടയാക്കുന്നുണ്ടോ? എന്റെ വാക്കിൽ, നോക്കിൽ, പ്രവൃത്തിയിൽ, ഈ ദൗത്യബോധം എന്നെ നയിക്കുന്നുണ്ടോ?

ദൗത്യബോധമുൾക്കൊണ്ട് ഈശോയ്ക്കു സാക്ഷ്യംവഹിച്ച ശിഷ്യന്മാരെപ്പോലെ നമുക്കും നമ്മുടെ ദൗത്യത്തെക്കുറിച്ച് ബോധ്യമുള്ളവരാകാം. അരൂപിയാകുന്ന കനലിനെ ഊതിത്തെളിച്ച്, സ്വയം ശക്തിധരിക്കുകയും ആവശ്യമുള്ളവരിലേയ്ക്ക് ഇറങ്ങിച്ചെല്ലുകയും ചെയ്യാം. ലോകത്തിന്റെ അതിർത്തിയോളം പോകാനായില്ലെങ്കിലും, നമുക്ക് ചുറ്റുമുള്ളവരിലേയ്ക്ക്, അവരുടെ ആവശ്യങ്ങളിലേയ്ക്ക് കടന്നു ചെല്ലാം. ഇരുട്ടിനെ പഴിക്കുന്നവരാകാതെ, ഒരു ചെറുതിരിനാളം തെളിക്കുന്നവരായി നമുക്കു മാറാം.



# നിത്യസഹായകൻ

**അനിത ആത്രശ്ശേരിയിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

സത്യസ്വരൂപനാം ഈശോതൻ വാഗ്ദാന
നിത്യസഹായകനുന്നത രാജനേ
സത്യവിശ്വാസത്തിനുത്തമ സാക്ഷിയായ്
തീർന്നീടാൻ ദാനവരങ്ങളിന്നേകണേ

വിദ്യാ വിഹീനരാം ശ്ലീഹർക്ക് വിജ്ഞാന
ദാനം പകർന്നതാം ഉന്നത ശില്പിയേ
അജ്ഞാതമാം വഴിത്താരയിൽ ഞങ്ങളും
കാണട്ടെ നിൻ ദിവ്യസ്നേഹ പ്രദീപത്തെ

മുക്കുവ സോദരിൽ ശക്തിചൈതന്യമായ്
മൃത്യുവേ പോലും ഭയക്കാതവികല
ദിവ്യസ്നേഹത്തിന്റെ സാക്ഷിയായ്തീർന്നപോൽ
ഞങ്ങളും നിൻ ധീരസാക്ഷികളാകട്ടെ

തിന്മതൻ വഞ്ചന തീണ്ടാതിവരെന്നും
തിങ്ങും പ്രതീക്ഷയിൽ യാത്രചെയ്തിടുവാൻ
ജ്വാലയായ് മേവണം മാനസേ നിത്യവും
നിത്യവിശുദ്ധി തൻ ദാനമായേകണേ

ജീവനും മാതാവും സത്യവുമാകുന്ന
കർത്തൃവചനങ്ങൾ പാലിച്ചു ഭൂതലെ
നിന്നുടെ സാക്ഷിയായ് തീർന്നു ചരിക്കണം
നിത്യമാം ജീവനവകാശമാക്കാൻ

തിരുവോസ്തിയിൽവാഴും പാവനറൂഹായേ
തീർക്കണേ ഞങ്ങളെ നിൻ സഹവാസത്താൽ
ദിവ്യകാരുണ്യമായ് നിന്നവകാശിയായ്
ജീവിക്കും വിശ്വാസദീപമായ് പാരിതിൽ

# വിലയറിയാൻ മറക്കരുതേ



**ജിസ കൂട്ടിയാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ഗുരു ശിഷ്യത്വത്തെക്കുറിച്ച് പഠിപ്പിക്കുകയായിരുന്നു. ശിഷ്യൻ ഗുരുവിനോടു ചോദിച്ചു: “എന്റെ ശിഷ്യത്വത്തിന് എന്തുവില വരും?” ഗുരു ഒരു ചെറിയ കല്ലെടുത്ത് ശിഷ്യനു കൊടുത്തിട്ടു പറഞ്ഞു: “നീ കണ്ടുമുട്ടുന്നവരോടെല്ലാം ഈ കല്ലിന്റെ വില ചോദിക്കുക. പക്ഷേ ആർക്കും കൊടുക്കരുത്”. ശിഷ്യൻ ആദ്യം കണ്ടു മുട്ടിയത് ഒരു കുട്ടിയെ ആണ്. അവൻ വലിയ സന്തോഷത്തോടെ കല്ലു കണ്ടിട്ടു പറഞ്ഞു: “ഗോലികളിക്കാൻ കൊള്ളാം. പിന്നീടൊരു കൃഷിക്കാരനായിരുന്നു. “ഓ... ഇതൊരു വെള്ളാരംകല്ലല്ലേ, എന്റെ പറമ്പിലെ ചെറുതോട്ടിൽ ഇത്തരം ഇഷ്ടംപോലുണ്ട്”. പിന്നീടു വന്ന ഗുമസ്തൻ പറഞ്ഞു: “അതിങ്ങു തന്നേര്, എന്റെ മേശപ്പുറത്ത് പേപ്പറിൻമേൽ വയ്ക്കാം”. ഇവരുടെയെല്ലാം മറുപടിയിൽ കൗതുകം തോന്നിയ ശിഷ്യൻ മുന്നോട്ടു നടന്നു. അതാ വരുന്നു ഒരു സ്വർണ്ണപ്പണിക്കാരൻ. കല്ലു കണ്ടപ്പോൾ അയാളുടെ കണ്ണുതിളങ്ങി. “നിനക്കിതെവിടുന്നു കിട്ടി?” എന്നു ചോദിച്ചുകൊണ്ട് അയാൾ ആ കല്ല് ഒന്നുരച്ചു നോക്കി. എന്നിട്ടു പറഞ്ഞു: “ഇതൊരു പവിഴക്കല്ലാണ് കുട്ടി... നിനക്കിതിന്റെ വില അറിയോ?” ഒന്നും മിണ്ടാതെ ശിഷ്യൻ ഗുരുവിന്റെ അടുത്തേക്കു മടങ്ങി. സംഭവിച്ചതെല്ലാം പറഞ്ഞു. ശിഷ്യന്റെ കണ്ണുകളിലേക്കു നോക്കി ഒരു ചെറുപുഞ്ചിരിയോടെ ഗുരു പറഞ്ഞു: “നിന്റെ ഉള്ളിലെ വിലയുള്ളതിനെ തിരിച്ചറിഞ്ഞു നീ നല്കുമ്പോൾ നിന്റെ ശിഷ്യത്വത്തിന്റെ വില വലുതാണ്. എന്നാൽ ഉള്ളിൽ വിലകെട്ടതെങ്കിൽ ശിഷ്യത്വവും അങ്ങനെതന്നെ”.

ഈശോയുടെ ശിഷ്യന്മാരുടെ ശിഷ്യത്വത്തിന്റെ മാറ്റുരച്ചുനോക്കിയ ദിനമായിരുന്നു ദുഖഃവെള്ളി. സ്ഥാനവും പണവും പ്രശക്തിയും മോഹിച്ചു കൂടെനടന്നവർ ശിഷ്യത്വത്തിന്റെ വില നഷ്ടപ്പെട്ടപ്പോൾ ഓടിയൊളിച്ചു. 3 വർഷങ്ങൾ നഷ്ടങ്ങളുടെ പട്ടികയിൽ അവർ എഴുതിത്തള്ളി. ശേഷിച്ചുകിട്ടിയ ജീവനെങ്കിലും രക്ഷിക്കാനുള്ള തത്രപ്പാടിലായിരുന്നു അവർ. പഠിച്ച പണികളൊക്കെ പൊടിതട്ടിയെടുത്ത് തങ്ങളുടെ വയറിന്റെ കാര്യം പരിഹരിക്കാനായിരുന്നു പിന്നീടവരുടെ പരിശ്രമം.

എന്നാൽ തങ്ങളുടെ ഉള്ളിന്റെ ഉള്ളിലെ വില തിരിച്ചറിഞ്ഞ ദിനമായിരുന്നു പന്തക്കുസ്ത. പരിശുദ്ധാത്മാവാകുന്ന ഉരകല്ലിൽ അവരുടെ ഭയവും നിസ്സഹായതയുമാകുന്ന കറകളെ ഉരച്ചുകളഞ്ഞപ്പോൾ ഉള്ളിൽ തിളങ്ങിനിന്ന ഗുരുവിനോടുള്ള സ്നേഹവും തീക്ഷ്ണതയും അവർ കണ്ടെത്തുകയായിരുന്നു. പിന്നീടങ്ങോട്ടു പവിഴക്കല്ലിന്റെ ശോഭയോടെ അവർ പ്രകാശിച്ചു. ആർക്കും അവരുടെ പ്രകാശത്തെ മറച്ചുവയ്ക്കാനായില്ല. അവരെ വിലക്കുറഞ്ഞവരായി കണ്ടവരെല്ലാം പരാജിതരായി. എന്നാൽ അവരുടെ പ്രകാശം കണ്ടെത്തിയവരെല്ലാം ആ ശോഭയുടെ ഉറവിടം കണ്ടെത്താനായി അവരുടെ പുറകെപോയി. നൂറ്റാണ്ടുകൾക്കു ശേഷവും ശിഷ്യന്മാർ നല്കിയ ശിഷ്യത്വത്തിന്റെ വില ഉദയസൂര്യന്റെ പ്രശോഭയോടെ ലോകത്തിൽ മിന്നി പ്രകാശിക്കുന്നു.

മിശിഹായെ അനുഗമിക്കുന്നവരെല്ലാം തങ്ങളുടെ ശിഷ്യത്വത്തിന്റെ വില അറിയണം. വിലയുള്ളതെന്നു കരുതി നാം കൊണ്ടുനടക്കുന്ന പലതും വിലകെട്ടതായിരുന്നു എന്നു തിരിച്ചറിയാൻ നാം ചിലപ്പോൾ വൈകിപ്പോകും. പരിശുദ്ധാത്മാവാകുന്ന ഉരകല്ലിൽ നമ്മുടെ ജീവിതങ്ങളെ ഉരച്ചുനോക്കണം, അവിടുത്തോട് ആലോചന ചോദിക്കണം, അവിടുന്നിനാൽ നയിക്കപ്പെടുവാൻ വിട്ടുകൊടുക്കണം, അവിടുത്തെ ദാനഫലങ്ങളാൽ നിറപ്പെടാൻ പ്രാർത്ഥിക്കണം, കൂടെ നടക്കുന്ന സന്തത സഹചാരിയാക്കണം. അപ്പോൾ വിലകെട്ടതെല്ലാം വിലയുള്ളതായി തീരും. ഈ ശ്ലീഹാക്കാലത്തിൽ നമുക്ക് അതിനു സാധിക്കട്ടെ.

പ്രാർത്ഥിക്കാം: പരിശുദ്ധാത്മാവായ ദൈവമേ എന്റെ ജീവിതത്തിലെ വിലയില്ലാത്ത എല്ലാറ്റിനെയും നീക്കിക്കളഞ്ഞ് അങ്ങയുടെ പ്രകാശത്തിൽ എന്നെയും പ്രകാശിപ്പിക്കണേ.

## Spirituality Centre
### Programme
### June

09 School of Bible
13 Bible Study
13-14 Cenacle Gathering (Sodales&Aspirants)
14 Family Gathering
16 Recollection for Oblates
22-27 Retreat




**ജെസ്മി പാണ്ടിക്കുന്നേൽ**

**ഒന്നാം ദിവ്യരഹസ്യം**: നസ്രത്തിലെ ഭയചകിതരായ ശിഷ്യന്മാരെ ഒന്നിച്ചുകൂട്ടി പ്രാർത്ഥനയിൽ ചേർത്തുനിർത്തിയ പരിശുദ്ധ മറിയത്തെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ ദൈവമാതാവേ, ഞങ്ങളുടെ ജീവിതത്തിലും എപ്പോഴും പ്രാർത്ഥനയുടെ അരൂപി നിലനിർത്തുവാൻ അമ്മ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: മനുഷ്യമക്കളെ ദൈവസ്നേഹത്തിലേക്കു നയിക്കുന്ന പരിശുദ്ധ മറിയത്തെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ ദൈവമാതാവേ, അമ്മയുടെ പുത്രനിൽ നിന്നും അകന്നു പോകുന്ന ഓരോ മക്കളും തിരികെയെത്തുവാൻ അമ്മ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: ജീവിതത്തിൽ എപ്പോഴും ദൈവഹിതം നിറവേറ്റുന്നതിനായി തന്നെത്തന്നെ നൽകിയ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.


പരിശുദ്ധ ദൈവമാതാവേ, ദൈവഹിതം നിറവേറ്റുന്നതിനായി നിരന്തരം അരൂപിയുടെ നിയന്ത്രണങ്ങൾക്കു കാതോർക്കുവാൻ അമ്മ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: അമലോത്ഭവയായ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ ദൈവമാതാവേ, പാപത്തിന്റെ കെണികളിൽ വീണുഴലുന്ന മനുഷ്യമക്കളെ അങ്ങേ തിരുക്കുമാരനു യോഗ്യമായ ആലയമാക്കുവാൻ അമ്മ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: പരിശുദ്ധ കുർബ്ബാനയുടെ വാസസ്ഥലമായ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ ദൈവമാതാവേ, ഞങ്ങളും അങ്ങയുടെ പുത്രനെ ഹൃദയത്തിൽ സംവഹിക്കുന്നവരാകുവാൻ അമ്മ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*


ദൈവദാസൻ ബിഷപ്പ്
വില്യം ജക്യീന്താ
പിതൃമൊഴി
നാമെല്ലാം ഈ ഭൂമിയിലെ യാത്രക്കാരാണ് -
കടന്നു പോകുന്നവരാണ്.
നമ്മുടെ ഈ കടന്നു പോകലിൽ
പ്രധാനമായത്
സ്നേഹത്തിന്റെ പാദമുദ്ര
പതിപ്പിച്ചു കടന്നുപോകുക എന്നതാണ്.

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th May 2018

Registered: KL/KTM/72/2018-20
Licence No:KL/CR/KTM/WPP-22/2018-20
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

''ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ,
ദിവ്യാത്മാവിന്റെ വിശുദ്ധ ദാനങ്ങളാൽ
ഞങ്ങളിലെ പഴയമനുഷ്യനെ പൂർണമായി
ഉരിഞ്ഞുനീക്കുവാൻ ഞങ്ങൾക്കിടയാകട്ടെ.
അങ്ങനെ സത്യത്തിലും നീതിയിലും ചരിച്ച്
നിർമ്മലരായ സ്വർഗീയസൈന്യങ്ങളോടുചേർന്ന്
ഞങ്ങളും നിന്നെ സ്തുതിക്കുവാനിടയാകട്ടെ''
(ശ്ലീഹാക്കാലം, ചൊവ്വ-എന്താന)



Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O,
Kottayam - 686 018, Printed at WiGi Printers, Manganam P.O,
Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published
at Spirituality Centre, Manganm P.O, Kottyam - 686 018,Ph:0481- 2578192, Email; psmktm @ gmail com.
Editor : Fr. Mathew Vellanickal